# ഖുർആൻ
# ഒരു സത്യാന്വേഷിയുടെ മുമ്പിൽ

ചെറിയമുണ്ടം അബ്ദുൽ ഹമീദ്

# ഖുർആൻ
# ഒരു സത്യാന്വേഷിയുടെ മുമ്പിൽ

നിച്ച് ഓഫ് ട്രൂത്ത്

quran oru sathianyeshyude mumbil
(malayalam)
author:
cheriyamundam abdulhameed
fourth edition:
november 2002
publishers:
niche of truth,
kalabhavan road,
kochi-18.
cover page:
yoonus.k.k
type setting:
creative media
printing:
screen offset, cochin-18

**Rs: 20**



ഈ ലോകത്തിനൊരു സ്രഷ്ടാവുണ്ട് - ജീവൻ നൽകി വായുവും വെള്ളവും സൗകര്യപ്പെടുത്തി ഭൂമിയെ ജീവിതയോഗ്യമാക്കിയ പരമകാരുണികനായ സ്രഷ്ടാവ് -നാം ഇവിടെ എങ്ങനെ ജീവിക്കണമെന്നും ഈ ജീവിതത്തിൻെറ പരമലക്ഷ്യം എന്തെന്നും ദൂതന്മാർ മുഖേന സ്രഷ്ടാവ് നമ്മെ പഠിപ്പിച്ചു. നമ്മുടെ ജീവിതത്തിൻെറ കണക്ക് മരണശേഷം നാം സ്രഷ്ടാവിൻെറ മുമ്പിൽ ബോധിപ്പിക്കേണ്ടിവരും. അന്ന് പുണ്യം ചെയ്തവന് നന്മയും പാപം ചെയ്തവന് തിന്മയും പ്രതിഫലം കിട്ടും. അതിനാൽ സ്രഷ്ടാവ് തൻെറ ദൂതരിലൂടെ നൽകിയ നിർദേശമനുസരിച്ച് ജീവിക്കുകയാണ് മനുഷ്യൻെറ രക്ഷാമാർഗം.

നമ്മുടെ ലോക സ്രഷ്ടാവ് നൽകിയ നിർദേശ സംഹിതയാണ് ഖുർആൻ. മുഹമ്മദ് നബിയിലൂടെ അവൻ ആ സന്ദേശം മനുഷ്യർക്കെത്തിച്ചുകൊടുത്തു. ഇതറിഞ്ഞവരും അറിയാത്തവരും നമുക്കിടയിൽ ഉണ്ട്. ലോകരെ മുഴുവൻ സ്രഷ്ടാവിൻെറ സന്ദേശമറിയിക്കൽ അതറിഞ്ഞവരുടെ ബാധ്യതയാണ്. അതിനായി രൂപീകൃതമായ ഒരു പ്രസ്ഥാനമാണ് നിച്ച് ഓഫ് ട്രൂത്ത്.

നാഥാ... സത്യമത സന്ദേശ പ്രചാരണത്തിനു വേണ്ടിയുള്ള വിനീതമായൊരു സംരംഭമാണിത്. നീ ഏൽപിച്ച ഉത്തരവാദിത്തത്തിൻെറ നിർവഹണത്തിനുവേണ്ടിയുള്ള എളിയ ശ്രമം. ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ).

**ഡയറക്ടർ**

## വായനക്കുമുമ്പ്.......

*'പരമകാരുണികനും കരുണാനിധിയുമായ*
*അല്ലാഹുവിൻെറ നാമത്തിൽ'*

മുസ്‌ലിംകൾ ദൈവികഗ്രന്ഥമായി വിശ്വസിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഗ്രന്ഥങ്ങളിൽ അന്തിമവും അനിതരവുമാണ് ഖുർആൻ. 14 നൂറ്റാണ്ടുകൾക്ക് മുമ്പ് അറേബ്യയിൽ ജീവിച്ചിരുന്ന മുഹമ്മദ് (സ) എന്ന മഹാമനുഷ്യനിലൂടെ ലോകസ്രഷ്ടാവ് സർവമനുഷ്യർക്കും മാർഗദർശകമായി ഇറക്കിയതാണ് ഖുർആൻ.

നമുക്ക് മേലധികാരിയിൽനിന്ന് എന്നവകാശപ്പെട്ടുകൊണ്ട് ഒരറിയിപ്പ് ലഭിച്ചാൽ അതിൽ അദ്ദേഹത്തിൻെറ മുദ്രയുണ്ടോ എന്ന് നാം പരിശോധിക്കും. മുദ്രയുണ്ടെങ്കിൽ ആ അറിയിപ്പ് മേലധികാരിയിൽനിന്നാണ്, കൊണ്ടുവന്ന ആളിൻേറതല്ല എന്ന് നാം മനസ്സിലാക്കുന്നു. കൂടാതെ ആ അറിയിപ്പിന് അതിൻേറതായ ഗൗരവം നൽകുകയും അതുപോലെ പരിഗണിക്കുകയും ചെയ്യുന്നു.

ഒരു മനുഷ്യൻ താൻ ദൈവദൂതനാണ്, ഈ സന്ദേശം ലോകസ്രഷ്ടാവിൻേറതാണ് എന്ന് പറയുമ്പോൾ അദ്ദേഹം അതിന് തെളിവുകൾ ഹാജരാക്കേണ്ടതുണ്ട്. ലോകസ്രഷ്ടാവ് തൻെറ ദൂതന്മാർക്ക് നൽകിയ ദൃഷ്ടാന്തങ്ങൾക്ക് മുഅ്ജിസത്ത് (അമാനുഷികദൃഷ്ടാന്തം) എന്ന് പറയുന്നു. മുഹമ്മദ് നബി (സ)ക്ക് ലഭിച്ച സന്ദേശവും പ്രധാന മുഅ്ജിസത്തുമാണ് ഖുർആൻ. ഇക്കാര്യം ഇസ്‌ലാമിലെ വിശ്വാസ കാര്യങ്ങളിൽപെട്ടതാണ്.

ഇന്ന് മനുഷ്യർ പല പുതിയ അറിവുകളും നേടി. ശാസ്ത്രം വള

രെയധികം പുരോഗമിക്കുകയും പ്രകൃതിയിലെ പല രഹസ്യങ്ങളും മനുഷ്യൻ അനാവരണം ചെയ്യുകയും ചെയ്തു. മുമ്പ് അവനുണ്ടായിരുന്ന പല ധാരണകളും, മുൻഗാമികൾ എഴുതിവെച്ച പലകാര്യങ്ങളും വിഡ്ഢിത്തങ്ങളും അജ്ഞതയുമാണെന്ന് അവന് ബോധ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഭാവിയിൽ നമ്മുടെ പല ധാരണകളും തെറ്റായിരുന്നു എന്ന് തെളിയിക്കപ്പെട്ടേക്കാം. ഏത് കാലഘട്ടങ്ങളിലും മനുഷ്യനെഴുതുന്ന ഗ്രന്ഥങ്ങളിൽ ഗ്രന്ഥകർത്താവിൻെറയും കാലഘട്ടത്തിൻെറയും ധാരണകളും ധാരണപ്പിശകുകളും കടന്നുകൂടാതിരിക്കുകയില്ല. പലപ്പോഴും പിൻഗാമികൾ അവ തിരുത്തുകയും ചെയ്യുന്നു.

എന്നാൽ ഖുർആനിൽ മുഹമ്മദ് നബി (സ)യുടെ കാലത്തുണ്ടായിരുന്ന യാതൊരു തെറ്റിദ്ധാരണകളും അന്ധവിശ്വാസങ്ങളും കടന്നുകൂടിയിട്ടില്ല. എക്കാലവും അതിലെ പ്രസ്താവനകൾ സത്യസമ്പൂർണമാണെന്ന് കാലഘട്ടങ്ങളിലെ സ്പഷ്ടമായ അറിവുകളുടെ അടിസ്ഥാനത്തിൽ വ്യക്തമാകും. ഫ്രഞ്ച് ശാസ്ത്രജ്ഞനായ മോറിസ് ബുഖായ് ആധുനികശാസ്ത്രത്തിൻെറ അടിസ്ഥാനത്തിൽ ഖുർആനും ബൈബിളും വിലയിരുത്തിയ ശേഷം പറയുന്നു: "മുഹമ്മദിൻെറ കാലഘട്ടത്തിലെ അറിവ് വെച്ചുനോക്കുമ്പോൾ ഖുർആനിലെ ശാസ്ത്രവുമായി ബന്ധപ്പെട്ട പല പ്രസ്താവനകളും ഒരു മനുഷ്യൻെറ വാക്കുകളാണെന്ന് മനസ്സിലാക്കാൻ നിവൃത്തിയില്ല".[1]

ഖുർആൻ പഠിച്ചുനോക്കുമ്പോൾ ഒരു മനുഷ്യൻെറ കൃതിയാണെന്ന് എങ്ങനെ പറയും? മനുഷ്യകൃതികൾക്കുള്ള ദൗർബല്യങ്ങളൊന്നും അതിനില്ലല്ലോ. അതൊരു മനുഷ്യകൃതി ആയിരുന്നെങ്കിൽ കാലഘട്ടങ്ങളിലൂടെ മനുഷ്യൻ അനാവരണം ചെയ്യുന്ന പ്രാപഞ്ചിക സത്യങ്ങളോട് അത് നൂറ് ശതമാനവും യോജിക്കുമായിരുന്നോ?

ഗർഭാശയത്തിലെ കുഞ്ഞിൻെറ വളർച്ചയിലെ ഘട്ടങ്ങൾ തെറ്റാതെ എങ്ങനെ അത് വിവരിക്കും?[2] തേനീച്ചകളിൽ വീടുണ്ടാക്കുന്നതും ഭക്ഷണം തേടുന്നതും തേനുൽപാദിപ്പിക്കുന്നതും പെണ്ണീച്ചകളാണെന്ന് ഖുർആൻ എങ്ങനെ മനസ്സിലാക്കി? പുരാവസ്തു ഗവേഷകർ ഇന്ന് കണ്ടെത്തുന്ന പല കാര്യങ്ങളും എങ്ങനെ ഖുർആൻ തെറ്റാതെ വിശദീകരിച്ചു? മഴ ഉണ്ടാകുന്ന രൂപം, ഭൂമിയുടെ ആകൃതി, നക്ഷത്രഗോളങ്ങഴുടെ ചലനം, പ്രപഞ്ചോൽപത്തി, പ്രപഞ്ചത്തിൻെറ വികാസം, ജലചക്രം, കടലിലെ ആന്തരിക തരംഗങ്ങൾ പോലുള്ള കാര്യങ്ങൾ സ്പർശിക്കുമ്പോൾ ഇത്ര കണിശമായി തെറ്റാതെ അവതരണകാലത്തെ അജ്ഞതകൾ നിഴലിക്കാതെ ഖുർആൻ എങ്ങനെ വിശദീകരിച്ചു? തീർച്ചയായും ഖുർആൻ മനുഷ്യകൃതിയല്ല. ലോകസ്രഷ്ടാവിൻെറ പക്കൽനിന്നും അവതീർണമായതത്രെ.

**ഡയറക്ടർ**
**നിച്ച് ഓഫ് ട്രൂത്ത്**

1. Maurice Bucaille. The Bible the Quran and Science, Last paragraph.
2. ഖുർആനിൽ മനുഷ്യ ഭ്രൂണവളർച്ചയുടെ ഘട്ടംഘട്ടമായുള്ള വികാസത്തിൻെറ വളരെ കൃത്യമായ വിവരങ്ങൾ അടിയിട്ടുണ്ട്. (Dr. KeithMoore. University of Toronto, Quranic Description of embryo growth (Indian Express, Dec. 10,1984)

വിശുദ്ധഖുർആനിനെപ്പറ്റി വായിക്കുകയോ കേൾക്കുകയോ ചെയ്യാത്തവർ വളരെ ചുരുങ്ങും. വിശിഷ്യാ, അതിനെ അനുകൂലിച്ചും പ്രതികൂലിച്ചും ധാരാളം പ്രസംഗങ്ങൾ നടക്കുന്ന, ലേഖനങ്ങളും ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ. വിശുദ്ധ ഖുർആനിന്റെ സവിശേഷതകൾ വിശദമായി ഗ്രഹിക്കാൻ, അതിന്റെ പ്രമാണികതയെപറ്റി പൂർണമായി മനസ്സിലാക്കാൻ ബൃഹദ്ഗ്രന്ഥങ്ങളുടെ സഹായം വേണം.

അന്യൂനമായി, അജയ്യമായി, യുഗപ്പകർച്ചകൾക്ക് വഴങ്ങാതെ മനുഷ്യമനഃസാക്ഷിയെ തൊട്ടുണർത്തിക്കൊണ്ട് നിലനിൽക്കുന്ന ഏകദൈവികഗ്രന്ഥമെന്ന നിലയിൽ മുസ്‌ലിം ജനകോടികൾ അതിനെ വിശ്വസിച്ചാദരിക്കുന്നു. ജീവിതപ്രമാണമായി അംഗീകരിക്കുന്നു. മുസ്‌ലിംകളല്ലാത്ത പല പ്രഗൽഭ പണ്ഡിതന്മാരും വിശുദ്ധഖുർആൻ പഠനവിധേയമാക്കുകയും വിവർത്തനങ്ങളും വ്യാഖ്യാനങ്ങളും രചിക്കുകയും ചെയ്തിട്ടുണ്ട്. ഗാന്ധിജിയും വിനോബയും മറ്റും ദാർശനികമൂല്യമുള്ള മഹാഗ്രന്ഥമെന്ന നിലയിൽ വിശുദ്ധഖുർആനിന്റെ പദവി അംഗീകരിച്ചവരിൽപെടുന്നു. അനേകം ഓറിയന്റലിസ്റ്റുകൾ വിവിധ യൂറോപ്യൻ ഭാഷകളിലേക്ക് വിശുദ്ധഖുർആൻ ഭാഷാന്തരപ്പെടുത്തിയിട്ടുണ്ട്. ചിലർ ഖുർആനെയും ഇസ്‌ലാമിനെയും പറ്റി കനപ്പെട്ട കൃതികൾ രചിച്ചിട്ടുമുണ്ട്.

പക്ഷേ, അമുസ്‌ലിംകളിൽ ബഹുഭൂരിഭാഗവും വിശുദ്ധഖുർആനിനെ ഒരു മുസ്‌ലിംപുരാണഗ്രന്ഥം എന്ന നിലയിൽ മാത്രം നോക്കിക്കാണുന്നവരാണ്. ഓരോ ജനതയ്ക്കും സ്വന്തമായി ഐതിഹ്യങ്ങളും പുരാണങ്ങളും ഉള്ളതുപോലെ മുസ്‌ലിംകൾക്കും ഒന്നുണ്ട്. അതവർ പൂജിച്ച് ആരാധിച്ചുകൊള്ളട്ടെ, നമുക്കതിൽ കാര്യമൊന്നുമില്ല എന്ന നിസ്സംഗതാപൂർണമായ നിലപാടാണ് പലരും വെച്ചുപുലർത്തുന്നത്. ജനങ്ങൾ സങ്കുചിതമായ സാമുദായികത്വത്തിൻെറ വെള്ളം കടക്കാത്ത അറകളിൽ ഒറ്റപ്പെട്ടുകഴിയുന്ന മേഖലകളിൽ ഈ നിസ്സംഗതയും ഉദാസീനഭാവവും വളരുന്നു. ചിലപ്പോഴത് അവഗണനയും അവജ്ഞയുംവരെ എത്തുന്നു.

എന്നാൽ പക്വമതികളും സത്യാന്വേഷികളുമായ ഒരു ന്യൂനപക്ഷം സങ്കുചിത വീക്ഷണങ്ങളുടെ മുഖാവരണം നീക്കി പ്രവിശാലമായ മേഖലകളിലേക്ക് സത്യം തേടി പുറപ്പെടാറുണ്ട്. പക്ഷേ, ഇസ്‌ലാമിനെപറ്റി അന്വേഷിക്കുന്ന സഹൃദയരുടെ കയ്യിൽ ചിലപ്പോൾ മാത്രമേ സത്യസന്ധമായ ഗ്രന്ഥങ്ങൾ എത്തിപ്പെടാറുള്ളൂ. പലപ്പോഴും ആധികാരികജ്ഞാനമില്ലാത്ത മുസ്‌ലിം എഴുത്തുകാർ കുത്തിക്കൂട്ടിയ അബദ്ധസംഹിതകളോ ദുഷ്പ്രചാരകരായ എതിരാളികളുടെ ദുരുപദിഷ്ടകൃതികളോ ആയിരിക്കും അവർക്ക് വായിക്കാൻ കിട്ടുന്നത്. ഇത് അവരിൽ ഇസ്‌ലാമിനോട് വിമുഖത വളർത്തുന്നുവെങ്കിൽ അവരെ പഴിച്ചിട്ടുകാര്യമില്ല.

ഇസ്‌ലാമിനെപറ്റി മനസ്സിലാക്കാൻ ആഗ്രഹിക്കുന്ന മലയാളികൾക്ക് വിശുദ്ധഖുർആനിനെപറ്റി ഹ്രസ്വമെങ്കിലും സമഗ്രമായ ഒരു വിവരണം നൽകുക എന്നതത്രെ ഈ ലഘുകൃതിയുടെ ലക്ഷ്യം.

## വിശുദ്ധ ഖുർആൻ ചരിത്രത്തിൽ

ഗതകാലസംഭവങ്ങളുടെ സാധുത തീരുമാനിക്കുന്നതിൽ ചരിത്രത്തിന് വലിയ പങ്കാണ് നിർവഹിക്കാനുള്ളത്. വേദഗ്രന്ഥങ്ങളെ ചരിത്രദൃഷ്ട്യാ പരിശോധിക്കുമ്പോൾ അവയിൽ ഖണ്ഡിതമായ ചരിത്രരേഖകളുടെ പിൻബലമുള്ളത് വിശുദ്ധഖുർആനിന്ന് മാത്രമാണെന്ന് കാണാവുന്നതാണ്. കാലം അവ്യക്തതയുടെ കരിനിഴൽ വീഴ്ത്തിയ കാരണത്താൽ പല മതാചാര്യന്മാരുടെ ജീവിതത്തിലും ചരിത്ര രേഖകളുടെ പിൻബലമില്ലെന്ന് വന്നിരിക്കുന്നു. ഉദാഹരണമായി മോശെ, യേശു, ശ്രീകൃഷ്ണൻ തുടങ്ങിയവരെ എടുക്കാം.



യഹൂദർ വിശ്വസിക്കുന്നു, മോശെയാണ് ലോകം കണ്ട മാതൃകായോഗ്യനായ ആചാര്യനെന്ന്. ക്രൈസ്തവർ വിശ്വസിക്കുന്നു, ഓരോ മനുഷ്യനും ആദിപാപത്തിൽനിന്ന് മോചനം ലഭിക്കുന്നത് യേശുക്രിസ്തുവിൻെറ കുരിശുമരണത്തിലൂടെയാണെന്ന്. എല്ലാ നന്മയുടെയും ശക്തിയുടെയും സ്രോതസ്സായി ഹൈന്ദവർ ശ്രീകൃഷ്ണനെ കാണുന്നു. എന്നാൽ മോശെയോ, യേശുവോ കൃഷ്ണനോ ജീവിച്ചിട്ടേ ഇല്ലെന്നും ഇവരൊക്കെ ആരുടെയോ ഭാവനയിൽ രൂപം പൂണ്ട ഇതിഹാസ കഥാപാത്രങ്ങൾ മാത്രമാണെന്നും ചരിത്രത്തിൻെറ പേരിൽ വാദിക്കുന്ന യുക്തിവാദികളെ നേരിടാൻ ആധികാരിക ചരിത്രരേഖകളില്ലാതെ കുഴങ്ങുകയാണ് ഇന്ന് യഹൂദരും ക്രൈസ്തവരും ഹൈന്ദവരുമെല്ലാം. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം മോശെ (മൂസാനബി)യെപ്പറ്റിയും യേശു (ഈസാനബി) വെപ്പറ്റിയും വിശുദ്ധഖുർആൻ പഠിപ്പിക്കുന്ന കാര്യങ്ങൾ അവർ വിശ്വസിക്കുന്നു. വിശുദ്ധഖുർആൻ ഒരു ചരിത്രവസ്തുതയും മുഹമ്മദ് നബി ഒരു ചരിത്രപുരുഷനുമാണെന്ന കാര്യത്തിൽ ഒരു യുക്തിവാദിയും ഇതുവരെ തർക്കിച്ചിട്ടില്ല. തർക്കിക്കാൻ ന്യായവുമില്ല. കാരണം, ചരിത്രത്തിൻെറ ശുഭ്രപ്രകാശത്തിലാണ് മുഹമ്മദ് നബി ജീവിച്ചത്. അദ്ദേഹം ഒരു ഇതിഹാസകഥാപാത്രമല്ല, ലോകഗതിയെ തന്നെ സ്വാധീനിച്ച ചരിത്ര പുരുഷനാണ്.

ക്രസ്താബ്ദം 571ൽ അറേബ്യയിലെ മക്കയിൽ ജനിച്ച മുഹമ്മദ് നബിയുടെ സംഭവബഹുലമായ ജീവിതം ആദ്യമധ്യാന്തം ചരിത്രത്തിൽ രേഖപ്പെട്ടുകിടക്കുന്നുണ്ട്. നാൽപതാം വയസ്സു വരെ സാഹിത്യപരമായ യാതൊരു മികവും അദ്ദേഹം പ്രകടിപ്പിച്ചിരുന്നില്ല. മതവിദ്യാപീഠങ്ങളിൽ ചേർന്ന് അദ്ദേഹം പഠനം നടത്തിയിട്ടില്ല. പ്രാകൃതമതക്കാരും ക്രൈസ്തവരും യഹൂദരും സൊറോസ്ട്രിയൻ മതക്കാരുമായ അറബികളുമായി അദ്ദേഹം മതവിഷയങ്ങൾ ചർച്ച ചെയ്യുകയോ സംവാദത്തിൽ ഏർപ്പെടുകയോ ചെയ്തിരുന്നില്ല. രാഷ്ട്രമീമാംസയിലോ സാമൂഹികശാസ്ത്രത്തിലോ അദ്ദേഹം ഗവേഷണം നടത്തിയിരുന്നില്ല. കാവ്യങ്ങൾ രചിക്കുകയോ കവിതയിൽ താൽപര്യം പ്രകടിപ്പിക്കുകയോ ചെയ്തിരുന്നില്ല അദ്ദേഹം. ചെറുപ്പത്തിൽ ആട്മേയ്ക്കലും യൗവനത്തിൽ വ്യാപാരവുമായിരുന്നു അദ്ദേഹത്തിൻെറ തൊഴിൽ.

നാൽപതാം വയസ്സിൽ അദ്ദേഹത്തിന് ഏകാന്തധ്യാനത്തിൽ

താൽപര്യം തോന്നുകയും അതിനായി അദ്ദേഹം മക്കയിലെ ഒരു ഗുഹ തെരഞ്ഞെടുക്കുകയും ചെയ്തു. അവിടെവെച്ചാണ് അദ്ദേഹത്തിന് ജിബ്രീൽ എന്ന മാലാഖ മുഖേന ആദ്യത്തെ ദൈവിക സന്ദേശം ലഭിച്ചത്. തികച്ചും ആകസ്മികമായാണ് ഈ അനുഭവമുണ്ടായത്. നബിക്ക് തന്നെ അമ്പരപ്പും നടുക്കവും സൃഷ്ടിച്ച ഈ സംഭവം അദ്ദേഹത്തിന്റെ ജീവിതത്തിലെ മാത്രമല്ല, ലോക ചരിത്രത്തിലെ തന്നെ ഒരു വഴിത്തിരിവായിരുന്നു. മനോവിഭ്രാന്തിയുടെയോ മായികഭ്രമങ്ങളുടെയോ ഒരു ലോകത്തിലേക്കല്ല ഈ സംഭവം അദ്ദേഹത്തെ നയിച്ചത്. ലോകത്തിനാകെ ഒരു മാർഗദർശനം നൽകുക: പ്രസംഗത്തിൽ മാത്രമല്ല പ്രയോഗത്തിലും ദൈവഹിതത്തിന് സാക്ഷ്യം വഹിക്കുക എന്ന ദൗത്യത്തിന്റെ വിജയകരമായ നിർവഹണത്തിലേക്ക് അത് അദ്ദേഹത്തിന്റെ ജീവിതത്തെ തൊടുത്തുവിട്ടു. തുടർന്ന് ഇരുപത്തിമൂന്ന് വർഷത്തിനിടയിൽ അനേകം തവണ അദ്ദേഹത്തിന് ദൈവികസന്ദേശം ലഭിച്ചുകൊണ്ടിരുന്നു. വിശ്വാസകർമരംഗങ്ങളിലെ ദൈവികനിർദേശങ്ങൾ ക്രമാനുഗതമായി അദ്ദേഹത്തിന് കേൾപ്പിക്കപ്പെട്ടു. ഓരോ തവണയും കേൾപ്പിക്കപ്പെടുന്ന സന്ദേശം അദ്ദേഹം ജനങ്ങളെ കേൾപ്പിച്ചു. ചിലർ വിശ്വസിച്ചു. പലരും നിഷേധിച്ചു. ഓരോ സന്ദർഭത്തിലും ലഭിക്കുന്ന ദൈവിക സന്ദേശങ്ങളത്രയും അദ്ദേഹവും അനുയായികളും ആവർത്തിച്ചാവർത്തിച്ച് പാരായണം ചെയ്ത് മനസ്സിലുറപ്പിച്ചു. പലരും അത് രേഖപ്പെടുത്തിവെക്കുകയും ചെയ്തു. വാഗ്വിചാരകർമങ്ങളെ തദടിസ്ഥാനത്തിൽ അവർ വാർത്തെടുത്തു.

നബി(സ) ഇഹലോകവാസം വെടിയുന്നതിന് മുമ്പ് തന്നെ അധ്യായങ്ങളും വചനങ്ങളും ഇന്ന് നിലവിലുള്ള ക്രമത്തിൽ പാരായണം ചെയ്തുകൊണ്ട് വിശുദ്ധ ഗ്രന്ഥത്തിന്റെ ക്രോഡീകൃത രൂപവും കൂടി ദൈവിക നിർദേശപ്രകാരം ലോകത്തെ അറിയിച്ചിരുന്നു. പക്ഷേ, ഖുർആനിന്റെ മുഴുവൻ ഭാഗങ്ങളും ഒന്നിച്ച് ഒറ്റ വാല്യമായി എഴുതി രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല. നബി (സ) പാരായണം ചെയ്ത് കേൾപ്പിക്കുന്ന സന്ദേശങ്ങളെല്ലാം യഥാസമയം പല അനുയായികളും എഴുതാവുന്ന വസ്തുക്കളിന്മേൽ (തുകൽ, കല്ല്, എല്ല് മുതലായവ) എഴുതിവെക്കാറുണ്ടായിരുന്നു. കണിശമായി ഹൃദിസ്ഥമാക്കിയവരുടെ സംഖ്യ വളരെ കൂടുതലുണ്ടായിരുന്നു. നബി (സ)യുടെ വിയോഗത്തിന് ശേഷം താമസിയാതെ തന്നെ രേഖകൾ ഒത്തുനോക്കിയും മനഃപാഠമാക്കിയവരെക്കൊണ്ട് പരിശോധിപ്പിച്ചും വിശുദ്ധ ഖുർആൻ ലിഖിതങ്ങളുടെ ആധികാരികമായ ക്രോഡീകരണം നബി (സ)യുടെ പിൻഗാമിയായ ഒന്നാം ഖലീഫ അബൂബക്കറി(റ)ന്റെ കൽപനപ്രകാരം സൈദ് ബിൻ സാബിത്ത് (റ) എന്ന സഹാബി പ്രമുഖന്റെ നേതൃത്വത്തിൽ നടന്നു. അങ്ങനെ വിശുദ്ധ ഖുർആൻ ഇന്ന് കാണുന്ന ക്രമത്തിലും രൂപത്തിലുമുള്ള ഒറ്റ വാല്യമായിത്തീർന്നു. മൂന്നാം ഖലീഫ ഉസ്മാൻ (റ) അതിന്റെ പകർപ്പുകൾ എടുപ്പിച്ച് ഇസ്‌ലാമികരാഷ്ട്രത്തിന്റെ പ്രവിശ്യാ തലസ്ഥാനങ്ങളിലേക്കെല്ലാം അയച്ചുകൊടുത്തു. ഇതിന്റെ പ്രതികൾ ഇന്നും ലഭ്യമാണ്. ഇന്ന് ലോകത്തുടനീളം പാരായണം ചെയ്യപ്പെടുന്ന കോടിക്കണക്കിന് വിശുദ്ധഖുർആൻ കോപ്പികൾ ആ പ്രാചീന പകർപ്പുകളുമായി ഒരക്ഷരത്തിനുപോലും വ്യത്യാസമില്ലാത്തതത്രെ. മുസ്‌ലിംകൾ എഴുതിയ ചരിത്രം മാത്രമല്ല, വിവിധ മതക്കാരും മതവിരുദ്ധരും എഴുതിയ ചരിത്രഗ്രന്ഥങ്ങൾ പോലും നബി (സ) യുടെയും വിശുദ്ധ ഖുർആന്റെയും ചരിത്രപരത അംഗീകരിക്കുന്നുണ്ട്.



മറ്റ് വേദങ്ങളുടെയും പുരാണങ്ങളുടെയും ചരിത്രപരമായ അടിത്തറ പരിശോധിക്കുമ്പോൾ ഈ വസ്തുത കൂടുതൽ സ്പഷ്ടമാകും. ബൈബിൾ പുതിയ നിയമം യേശുക്രിസ്തുവിന്റെ വചനങ്ങളാണെന്നതിന് ചരിത്രരേഖകളുടെ പിൻബലമില്ലെന്ന് ബൈബിൾ ചരിത്രകാരന്മാർ തന്നെ സമ്മതിച്ചിട്ടുള്ളതാണ്. ചരിത്രരേഖകളുടെ അടിസ്ഥാനത്തിൽ ആധികാരികത സ്ഥാപിക്കാവുന്ന പുരാണേതിഹാസങ്ങളോ വേദോപനിഷത്തുകളോ ഇല്ലെന്ന വസ്തുത ഇന്ത്യാചരിത്രത്തെപ്പറ്റി സാമാന്യധാരണയുള്ളവർക്കെല്ലാം അറിയാവുന്നതത്രെ.

**സവിശേഷതകൾ**

ഇനി നമുക്ക് വിശുദ്ധഖുർആനിന്റെ സവിശേഷതകൾ എന്തൊക്കെയെന്ന് പൊതുവെ പരിശോധിക്കാം. സൂക്ഷ്മവിശകലനം ഒരു ലഘുഗ്രന്ഥത്തിന്റെ പരിധിയിൽ ഒതുങ്ങുന്നതല്ലെങ്കിലും ഒരു ഗ്രന്ഥത്തെപ്പറ്റി പഠിക്കാനുള്ള ശരിയായ ഒരു മാർഗം അതിനെ മറ്റ് ഗ്രന്ഥങ്ങളുമായി താരതമ്യപ്പെടുത്തുകയത്രെ. ആദ്യം അറബിഭാഷയിലുള്ള ഗ്രന്ഥങ്ങൾ, അവയുടെ ഉള്ളടക്കവും ശൈലിയുമായി

വിശുദ്ധ ഖുർആനിൻെറ ഉള്ളടക്കവും ശൈലിയുമായി താരതമ്യം ചെയ്യാം.

മുഹമ്മദ് നബി (സ) ക്ക് മുമ്പുള്ള അറബിസാഹിത്യം മുഖ്യമായും കവിതകളും ജ്യോത്സ്യന്മാരുടെ ഗദ്യകവിതകളുമായിരുന്നു. ക്രൈസ്തവരുടെയും യഹൂദരുടെയും മതഗ്രന്ഥങ്ങളിലും ഏതാനും രാജശാസനകളിലും ഒതുങ്ങി നിൽക്കുകയായിരുന്നു അന്നത്തെ ഗദ്യസാഹിത്യം. കവിതകളുടെ ഉള്ളടക്കം മദ്യം, കാമുകി, പടക്കുതിര, ഒട്ടകം തുടങ്ങിയവയെപറ്റിയുള്ള വർണനയോ, കവിയോ കവിയുടെ ഗോത്രമോ നടത്തിയ വീരപരാക്രമങ്ങളുടെ കാൽപനികത കലർത്തിയ വിവരണമോ ആയിരിക്കും. കാമുകിയുടെ വേർപാടിനെ പറ്റിയുള്ള വിലാപത്തോടെയായിരിക്കും മിക്ക കാവ്യങ്ങളും ആരംഭിക്കുന്നത്. അന്നത്തെ പ്രസംഗകരുടെ വിഷയങ്ങളും വിഭിന്നമായിരുന്നില്ല. ബൈബിൾ പഴയ നിയമത്തിൻെറ വിശദീകരണത്തിൽ കവിഞ്ഞ മതസാഹിത്യങ്ങൾ അന്ന് ഉണ്ടായിരുന്നില്ല.

ആ സാഹചര്യത്തിലാണ് മുഹമ്മദ് നബി (സ)ക്കും അദ്ദേഹത്തിലൂടെ മുഴുവൻ ലോകത്തിനും അല്ലാഹുവിൻെറ വചനങ്ങൾ കേൾപ്പിക്കപ്പെടുന്നത്.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

“സൃഷ്ടികർത്താവായ താങ്കളുടെ നാഥന്റെ നാമത്തിൽ ഓതുക. മനുഷ്യനെ അവൻ ഒരു ഭ്രൂണത്തിൽനിന്ന് സൃഷ്ടിച്ചു. ഓതുക, താങ്കളുടെ നാഥൻ ഏറ്റവും ഉദാരനാകുന്നു. പേനകൊണ്ട് പഠിപ്പിച്ചവനായ നാഥൻ. മനുഷ്യന് അറിഞ്ഞുകൂടാത്തത് അവൻ പഠിപ്പിച്ചു”.

പരമകാരുണികനായ ദൈവത്തിൻെറ പേരിൽ ആരംഭിക്കുന്ന ഒരു സാഹിത്യരൂപവും അറേബ്യക്കോ അറബികൾക്കോ പരിചിതമായിരുന്നില്ല. കരുത്തനും അധിപനുമായി വളരുന്ന മനുഷ്യൻെറ ഭ്രൂണാവസ്ഥയിൽനിന്നുള്ള എളിയ തുടക്കത്തെപ്പറ്റി ചിന്തിപ്പിക്കുന്ന ഗദ്യപദ്യങ്ങളും അറബികൾ കേട്ടിട്ടുണ്ടായിരുന്നില്ല. പേനയുടെ സഹായത്തോടെ നടക്കുന്ന ലേഖനവിദ്യയാണ് എല്ലാ വൈജ്ഞാനിക വികാസങ്ങൾക്കും ശാസ്ത്രപുരോഗതിക്കും വഴിയൊരുക്കുന്ന അനുഗ്രഹമെന്ന് അറബികളോട് മറ്റാരും പറഞ്ഞിരുന്നില്ല. സർവോ



പരി അറബിഭാഷയിൽ എക്കാലത്തും വളർന്നുവന്ന എല്ലാ സാഹിത്യശൈലികളിൽനിന്നും ഭിന്നമായ വിശുദ്ധ ഖുർആനിൻെറ ഭാഷാശൈലി അറബികൾക്ക് തീർത്തും അപരിചിതമായിരുന്നു. അതോടൊപ്പം അതിൻെറ ഘടനാവൈശിഷ്ട്യവും രൂപസൗകുമാര്യവും ആശയഗാംഭീര്യവും അന്നത്തെ അറബി സാഹിത്യസാരഥികളെ അത്ഭുതസ്തബ്ധരാക്കുകയും ചെയ്തു.

അറബികൾക്കിടയിൽ വളർന്ന നിരക്ഷരനും അനഭ്യസ്തവിദ്യനും സാത്വികനുമായ മുഹമ്മദ് എന്ന വ്യക്തി നാൽപതാം വയസ്സിൽ തികച്ചും അസാധാരണമായ ഒരു സാഹിത്യകൃതി രചിച്ചുവെന്നും അത് സ്വന്തമെന്ന് അവകാശപ്പെടാതെ ദൈവത്തിങ്കൽനിന്ന് ലഭിച്ചതാണെന്ന് കള്ളം പറഞ്ഞുവെന്നും വാദിക്കുന്നത് യാതൊരു ന്യായീകരണവും അർഹിക്കുന്നില്ല. കാരണം താഴെക്കിടയിലുള്ള ഒരു സാഹിത്യകൃതി രചിക്കുന്ന ആൾപോലും തൻെറ രചനയിൽ അഭിമാനം കൊള്ളുകയാണ് ചെയ്യുക. യാതൊരു മഹാസാഹിത്യകാരനും നാളിതുവരെ സ്വന്തം കൃതി മറ്റൊരാൾ എഴുതിയതാണെന്ന് പറഞ്ഞ് ഒഴിഞ്ഞിട്ടില്ല. ജീവൻ അപകടത്തിലാകുമെന്ന് ഭയപ്പെടുമ്പോഴല്ലാതെ. എന്നാൽ മുഹമ്മദ് നബി (സ)ക്ക് അത്തരമൊരു സാഹചര്യമുണ്ടായിരുന്നില്ല. ഖുർആൻ സ്വന്തം കൃതിയാണെങ്കിൽ അത് തുറന്നുപറഞ്ഞാൽ അറബികൾ അദ്ദേഹത്തെ ബഹുമതികൾ കൊണ്ട് പൊതിയുമായിരുന്നു. ഒരു ഗോത്രത്തിൽ ഒരു സാഹിത്യകാരൻ വളർന്നുവന്നാൽ ഗോത്രമാകെ അഭിമാനം കൊള്ളുന്ന കാലമായിരുന്നു അത്. എന്നാൽ ദൈവത്തിൻെറ വചനം ആ നിലയിൽ തന്നെ ലോകത്തിൻെറ മുമ്പാകെ വെക്കുവാനായിരുന്നു അദ്ദേഹം കൽപിക്കപ്പെട്ടിരുന്നത്. അതിൻെറ പേരിൽ ക്രൂരമായ പരിഹാസങ്ങളും പീഡനങ്ങളും അദ്ദേഹത്തിന് നേരിടേണ്ടിവന്നു. അതെല്ലാം അവഗണിച്ചുകൊണ്ട് അദ്ദേഹം ദിവ്യദൗത്യം നിറവേറ്റി. അറബ് നേതാക്കൾ അദ്ദേഹത്തെ നിശ്ശബ്ദനാക്കാൻ ശ്രമിച്ചു. പരാജയപ്പെട്ടപ്പോൾ അറേബ്യൻ വിശ്വാസപാരമ്പര്യങ്ങൾക്കനുരൂപമായി ഖുർആനിൽ ഭേദഗതികൾ വരുത്താൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അതിന് ദൈവികമായ പ്രതികരണം ഇപ്രകാരമായിരുന്നു.

“നമ്മുടെ സ്പഷ്ടമായ ദൃഷ്ടാന്തങ്ങൾ പാരായണം ചെയ്ത് കേൾപ്പിക്കപ്പെട്ടപ്പോൾ നാമുമായുള്ള സമാഗമം ആഗ്രഹിക്കാത്തവർ പറഞ്ഞു: നീ വേറൊരു ഖുർആൻ കൊണ്ടുവരൂ അല്ലെങ്കിൽ ഇതിൽ

ഭേദഗതികൾ വരുത്തൂ എന്ന്. താങ്കൾ പറയൂ: എനിക്ക് സ്വന്തം വകയായി ഇതിൽ മാറ്റം വരുത്താനൊക്കുകയില്ല. എനിക്ക് നൽകപ്പെടുന്ന സന്ദേശത്തെ അനുധാവനം ചെയ്യുക മാത്രമാണ് ഞാൻ ചെയ്യുന്നത്. തീർച്ചയായും ഞാൻ ഭയപ്പെടുന്നു; എന്റെ നാഥനെ. ഞാൻ ധിക്കരിക്കുകയാണെങ്കിൽ ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ ഞാൻ അനുഭവിക്കേണ്ടിവരുമെന്ന്. താങ്കൾ പറയൂ: അല്ലാഹുവിന്റെ ഹിതം മറിച്ചായിരുന്നെങ്കിൽ ഞാനിത് നിങ്ങളെ വായിച്ച് കേൾപ്പിക്കില്ലായിരുന്നു. അവൻ നിങ്ങളെ ഇത് അറിയിക്കുകയുമില്ലായിരുന്നു. ഞാൻ നിങ്ങൾക്കിടയിൽ ഇതിന് മുമ്പ് അനേകവർഷം പ്രവാചകത്വം വാദിക്കാതെ, ദൈവിക സന്ദേശം കേൾപ്പിക്കാതെ കഴിച്ചുകൂട്ടിയിട്ടുണ്ടല്ലോ. നിങ്ങളെന്താ ചിന്തിക്കാത്തത്? ദൈവത്തിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുകയോ, ദൈവികദൃഷ്ടാന്തങ്ങളെ തള്ളിപ്പറയുകയോ ചെയ്തവനെക്കാൾ വലിയ അക്രമകാരി ആരുണ്ട്? കുറ്റവാളികൾ വിജയം പ്രാപിക്കുകയില്ല, തീർച്ച"(വി.ഖു. 10:15,17).

അറേബ്യൻ ജീവിതത്തെയാകെ കീഴ്മേൽമറിച്ച ഖുർആനിക ജീവിതദർശനം ഖുർആനിന്റെ അമാനുഷികത കൊണ്ടും അതിന്റെ സന്ദേശവാഹകനായ മുഹമ്മദ് നബി (സ)യുടെ വ്യക്തിത്വത്തിന്റെ അതുല്യത കൊണ്ടും മാത്രമാണ് സാവധാനത്തിലെങ്കിലും പക്വമതികളായ പലരെയും ആകർഷിച്ചത്. അബൂബക്കർ (റ) അദ്ദേഹമായിരുന്നു മുഹമ്മദീയ പ്രവാചകത്വവും ഖുർആനിന്റെ ദൈവികതയും അംഗീകരിച്ച ആദ്യത്തെ പുരുഷൻ- വീട്ടുമുറ്റത്തിരുന്ന് ഖുർആൻ പാരായണം ചെയ്യുമ്പോൾ അത് കേൾക്കാൻ അനേകം പേർ സന്നിഹിതരാകുമായിരുന്നു. അവരിൽ പലരും ഖുർആനിൽ ആകൃഷ്ടരായി ഇസ്ലാംമതമാശ്ലേഷിച്ചു. ഇത് അബൂബക്കറി(റ)നോട് അറബി പ്രമാണിമാർക്ക് കടുത്ത ഈർഷ്യ തോന്നാൻ കാരണമായി.

എന്നാൽ പുത്തൻമതത്തിന്റെ ബദ്ധവൈരികളായിരുന്ന അറേബ്യൻ യാഥാസ്ഥിതികന്മാർക്ക് പോലും വിശുദ്ധഖുർആനിന്റെ മാസ്മരികപ്രഭാവം കണ്ടില്ലെന്ന് നടിക്കാൻ കഴിഞ്ഞില്ല. വലീദുബ്നുമുഗീറ എന്ന ഖുറൈശിപ്രമാണിയുടെ കാര്യം ഇതിന് തെളിവാണ്. അയാൾ ഒരിക്കൽ നബി (സ)യുടെ അടുത്തുചെന്നു. നബി (സ)അയാളെ ഏതാനും ഖുർആൻ വചനങ്ങൾ കേൾപ്പിച്ചു. അയാൾ



ക്കത് ഹൃദ്യമായി അനുഭവപ്പെട്ടപോലെ തോന്നി. ഈ വിവരം മറ്റൊരു പ്രമാണിയായ അബൂജഹൽ കേട്ടു. അയാൾക്കത് രസിച്ചില്ല. അബൂജഹൽ വലീദിന്റെ അടുത്തുചെന്നിട്ട് പറഞ്ഞു: "എന്റെ പിതൃവ്യാ, താങ്കൾ മുഹമ്മദിന്റെ അടുത്തുചെന്ന് അയാളുടെ വാക്കുകൾക്ക് വശംവദനാകാതെ കഴിക്കാമെങ്കിൽ താങ്കളുടെ നാട്ടുകാർ താങ്കൾക്ക് പണം ശേഖരിച്ചുതരാൻപോലും തയാറാണ്". വലീദ് പ്രതിവചിച്ചു: "ഖുറൈശ് ഗോത്രത്തിനറിയാമല്ലോ ഞാനാണ് അവരിൽ ഏറ്റവും സമ്പന്നനെന്ന്". അബൂജഹൽ പറഞ്ഞു: "അതു കൊണ്ടായില്ല. താങ്കൾ ഒരു പ്രസ്താവന നടത്തണം. മുഹമ്മദിനെ താങ്കൾ വെറുക്കുന്നുവെന്ന് അതിൽനിന്ന് വ്യക്തമാവണം". വലീദിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു "ഞാനെന്താണ് പറയുക? ദൈവത്തെയാണ്! കവിതയുടെ അവാന്തര വിഭാഗങ്ങളെപ്പറ്റി എന്നെക്കാൾ അറിയാവുന്ന ആരും നിങ്ങളുടെ കൂട്ടത്തിലില്ല. ദൈവത്തെയാണ്! മുഹമ്മദ് പറയുന്നത് ഈ കൂട്ടത്തിലൊന്നും പെട്ടതല്ല. ദൈവത്തെയാണ്! അവനീ പറയുന്ന വാക്കിന് മധുരിമയുണ്ട്. മോടിയുണ്ട്. അത് അടി മുതൽ മുടിവരെ സുഫലമാണ്. സമൃദ്ധമാണ്. അത് ഉയരും. അതിനെ മറികടക്കാനാവില്ല. അതിന് താഴെയുള്ളതിനെയൊക്കെ അത് തട്ടിത്തകർക്കും". അബൂജഹൽ പറഞ്ഞു: "മുഹമ്മദിനെ വിമർശിച്ചുകൊണ്ട് പ്രസ്താവന നടത്താതെ നാട്ടുകാർക്ക് താങ്കളെപ്പറ്റി തൃപ്തിവരുകയില്ല". വലീദ് ആലോചിക്കാൻ അൽപം സമയം ചോദിച്ചു. അനന്തരം അയാൾ പ്രഖ്യാപനം നടത്തി: "ഇതൊരു ജാലവിദ്യമാത്രമാകുന്നു". വലീദിന്റെ ഈ അവസരവാദം വിശുദ്ധ ഖുർആൻ 74-ാം അധ്യായത്തിൽ തൊലിയുരിച്ചു കാണിച്ചിട്ടുണ്ട്.

ഖലീഫ ഉമർ (റ) ഇസ്ലാം മതം ആശ്ലേഷിച്ച സംഭവം ചരിത്രപ്രസിദ്ധമാണ്. നബി (സ)യെ വധിക്കുവാൻ വേണ്ടി വാളുമേന്തി പുറപ്പെട്ട ഉമറിന് (റ) വഴിമധ്യേ വിശുദ്ധ ഖുർആനിന്റെ ഏതാനും ഭാഗങ്ങൾ കേൾക്കാനിടയായതോടെ മാനസാന്തരമുണ്ടാകുകയാണ് ചെയ്തത്.

മുഹമ്മദ് നബി (സ)യുടെയും അനുചരന്മാരുടെയും ജീവിതത്തിന്റെ വിവിധ മുഖങ്ങളോടും സമുചിതമായി സംവദിക്കുന്നതായിരുന്നു ഓരോ സന്ദർഭത്തിലും ദൈവത്തിങ്കൽനിന്ന് അവതരിപ്പിക്കപ്പെട്ട വചനങ്ങൾ. പ്രതിസന്ധിയുടെ ഓരോ ഘട്ടത്തിലും

ദൈവിക സന്ദേശം അവരെ പരിഹാരത്തിലേക്ക് നയിച്ചു. സംശയ ത്തിൻെറ വേളകളിൽ അതവർക്ക് സുനിശ്ചിത ധാരണകൾ നൽകി. അഗ്നിപരീക്ഷകൾക്ക് മുമ്പിൽ അതവർക്ക് ആത്മവീര്യം പകർന്നു. അവരുടെ ജീവിത വീക്ഷണത്തിന് അത് അർഥവും പ്രസക്തിയും കൈവരുത്തി. നാഗരികതകളുടെ ഉയർച്ചതാഴ്ചകളെ പറ്റിയുള്ള പാഠങ്ങളിലൂടെ അതവർക്ക് സാർവകാലിക സാർവലൗകിക ധാരണ നൽകി. സ്വേച്ഛാധിപതികളുടെ പതനത്തിൻെറയും സാത്വിക ന്മാരുടെ ഐതിഹാസിക വിജയങ്ങളുടെയും ദൃഷ്ടാന്തങ്ങളിലൂടെ അതവരിൽ ആത്മബോധവും ഉത്കർഷേച്ഛയും വളർത്തി.

## ഖുർആൻ സൃഷ്ടിച്ച അത്ഭുതം

ഖുർആനിന്ന് മുമ്പും ഖുർആനിന്ന് പിമ്പുമുള്ള അറേബ്യൻ ജനതയെപ്പറ്റി വസ്തുനിഷ്ഠമായ ഒരു നിരീക്ഷണം നടത്തിയാൽ ചരിത്രത്തിൽ തുല്യതയില്ലാത്ത പരിവർത്തനമാണ് ഖുർആൻ ഉളവാക്കിയത് എന്ന് നമുക്ക് ബോധ്യപ്പെടും. വിശുദ്ധഖുർആൻ അവതരിച്ച് തുടങ്ങുമ്പോൾ അഥവാ ഖുർആനിലെ ആദ്യവചനം വായിച്ച് കേൾപ്പിക്കപ്പെടുമ്പോൾ അറബികളുടെ നില അത്യന്തം ശോചനീയമായിരുന്നു. സാമ്പത്തികമായി ഒട്ടും ഭദ്രമായിരുന്നില്ല അവരുടെ നില. കണ്ണെത്താത്ത മണൽപ്പരപ്പിനിടക്ക് അപൂർവമായി തഴച്ചുനിൽക്കുന്ന മരുപ്പച്ചകൾ കൊച്ചുഗോത്രങ്ങൾക്കുപോലും സാമ്പത്തിക സ്വയംപര്യാപ്തത നൽകുമായിരുന്നില്ല. വ്യാപാരസൗ കര്യങ്ങൾ അംഗുലീപരിമിതമായ പട്ടണങ്ങളിലുള്ളവർക്ക് മാത്രമെ സുസ്ഥിതി നൽകിയിരുന്നുള്ളൂ. കാലാവസ്ഥയുടെ പ്രാതികൂല്യം നിമിത്തം സ്ഥിരവാസമോ നിയതമായ കൃഷിസമ്പ്രദായമോ പ്രാകൃതഅറബികൾക്ക് വിധിക്കപ്പെട്ടതായിരുന്നില്ല. വിദ്യാഭ്യാസം, ചികിത്സ, സാങ്കേതികവിദ്യകൾ തുടങ്ങിയ രംഗങ്ങളിലൊക്കെ പൂജ്യം ഡിഗ്രിയിൽ തന്നെയായിരുന്നു അവർ. രാഷ്ട്രീയമായോ സൈനികമായോ അവർ സംഘടിതരായിരുന്നില്ല. ഓരോ ഗോത്ര ത്തേയും സാമൂഹ്യമായി ഉത്തേജിപ്പിച്ചിരുന്ന ശക്തി തങ്ങളുടെ പിതാക്കളും പ്രപിതാക്കളും നടത്തിയ വീരപരാക്രമങ്ങളുടെ കോരി ത്തരിപ്പിക്കുന്ന കഥകളായിരുന്നു. ആ കഥകൾ കേട്ട് വളർന്ന പുതിയ തലമുറയ്ക്ക് ശത്രുഗോത്രങ്ങളുമായി ഏറ്റുമുട്ടുവാൻ പറയത്തക്ക കാരണമൊന്നും വേണമെന്നില്ലായിരുന്നു. അവരുടെ മതങ്ങൾ



അബദ്ധജടിലമായ അന്ധവിശ്വാസങ്ങളിലും ആത്മാവ് നഷ്ടപ്പെട്ട ആചാരങ്ങളിലും ഒതുങ്ങിനിന്നു. ആ അവസ്ഥ ശത്രുക്കൾ നന്നായി ചൂഷണം ചെയ്തു. എത്യോപ്യയും പേർഷ്യയും റോമക്കാരുമെല്ലാം വിവിധ അറബ്മേഖലകളുടെ മേൽ പ്രത്യക്ഷമായോ പരോക്ഷമാ യോ ആധിപത്യം ഉറപ്പിച്ചിരുന്നു.

ഇനി ഈ കാലഘട്ടത്തിൽ മറ്റ് ദേശങ്ങളുടെയും രാഷ്ട്രങ്ങളുടെ യും സ്ഥിതി നോക്കാം.

ശാസ്ത്രം, ദർശനം, ചരിത്രം തുടങ്ങിയ വിഷയങ്ങളിൽ ലോക ത്തിന് തന്നെ നേതൃത്വം നൽകാൻ മാത്രം വളർന്നവരായിരുന്നു അന്നത്തെ ഗ്രീക്കുകാർ. അന്നത്തെ അലക്സാൻഡ്രിയ (ഈജിപ്ത്) ഏഷ്യനാഫ്രിക്കൻമേഖലയിലെ ഏറ്റവും വലിയ സാംസ്ക്കാരികകേ ന്ദ്രമായിരുന്നു. നൂറ്റാണ്ടുകളുടെ രാഷ്ട്രീയനായകത്വം മാത്രമല്ല അന്നത്തെ റോമൻ സാമ്രാജ്യത്തിനുണ്ടായിരുന്നത്. ശാസ്ത്ര സാങ്കേതിക രംഗങ്ങളിലും റോമക്കാർ അതികായന്മാർ തന്നെ യായിരുന്നു. ദാർശനികന്മാരുടെയും മതാചാര്യന്മാരുടെയും നാടായി രുന്ന പേർഷ്യ രാഷ്ട്രീയരംഗത്ത് റോമിന്ന് സമശീർഷമായിരുന്നു. അന്നത്തെ ഇന്ത്യക്കാർ ഗണിതശാസ്ത്ര, തർക്കശാസ്ത്ര രംഗങ്ങളി ലും, മതദാർശനിക മേഖലകളിലും ഔന്നത്യം പ്രാപിച്ചവരായിരുന്നു.

എന്നിട്ട് ഖുർആൻ എന്താണ് ചെയ്തത്? വന്ധ്യവും ഊഷരവു മായ മരുഭൂമിയുടെ മക്കളെ സംസ്ക്കാരങ്ങളെ വെല്ലുന്ന ഒരു പുതിയ സംസ്കാരത്തിൻെറ വാഹകന്മാരാക്കി. ഗോത്രകലഹങ്ങളിൽ തമ്മിൽ തല്ലിതകർന്നിരുന്ന ഒരു ജനതയെ ഏകദൈവത്തിൻെറ ഏക മനസ്സുള്ള ദാസന്മാരാക്കി മാറ്റിയെടുത്തു. ഭൂതപ്രേതാദികളെ മാത്ര മല്ല, പ്രമാണികളെയും പോക്കിരികളെയും പോലും ഭയന്നുചൂളു വാൻ വിധിക്കപ്പെട്ട ഒരു പീഢിതവർഗത്തെ സാമ്രാജ്യങ്ങളെ പ്രക മ്പനം കൊള്ളിക്കുന്ന ജേതാക്കളായി ഉയർത്തി. ചിട്ടയും ചട്ടങ്ങളുമി ല്ലാത്ത അറബ് ജീവിതത്തിന് യുഗാന്തരങ്ങൾക്കിപ്പുറവും ശബളിമ നഷ്ടപ്പെടാത്ത ഒരു നിയമവ്യവസ്ഥ നൽകി. പാപ-പുണ്യങ്ങളെ പറ്റിയോ ധർമ-അധർമങ്ങളെപ്പറ്റിയോ ധാരണയില്ലാത്ത ജീവിതാ സക്തിയാൽ മാത്രം നയിക്കപ്പെട്ടിരുന്ന ഒരു ജനതയെ അത് താളം തെറ്റാതെ ധർമനിഷ്ഠമായ ജീവിതപാതയിലേക്ക് നയിച്ചു. ഏക ദൈവ വിശ്വാസത്തിൽ അധിഷ്ഠിതമായ ഖുർആനികജീവിതദ ർശനത്തിന് ഒരു ജനതയെ മഹത്വത്തിൻെറ എത്ര മാത്രം ഉന്നതമായ

ശിഖരങ്ങളിലേക്ക് നയിക്കാൻ കഴിയുമെന്ന് ലോകം അന്ന് കണ്ടു. പ്രാകൃതാവസ്ഥയിൽനിന്ന് വിശുദ്ധ ഖുർആൻ വളർത്തിയെടുത്ത അറേബ്യൻ മണലാരണ്യത്തിൻെറ ഊഷരതയിൽനിന്ന് മുഹമ്മദ് നബി (സ) വാർത്തെടുത്ത ദൈവത്താൽ കൂട്ടിയിണക്കപ്പെട്ട ആ ജനവിഭാഗത്തിൻെറ ആർജവവും ആത്മവീര്യവും കണ്ട് അമ്പരന്ന് നിൽക്കാനേ റോമൻ യവന പേർഷ്യൻ ഭാരതീയ നാഗരികതകളുടെ നായകന്മാർക്ക് അന്ന് കഴിഞ്ഞുള്ളൂ. വിശുദ്ധ ഖുർആനിൻെറ ദൈവികത അംഗീകരിക്കാൻ മടിയുള്ള ചരിത്രകാരന്മാർപോലും ഏഴാം നൂറ്റാണ്ടിൽ സാംസ്കാരിക സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിലാകെ വിസ്മയാവഹവും ഐതിഹാസികവുമായ മുന്നേറ്റം നടത്തിയ അറബികളുടെ മുന്നിൽ മിഴിച്ചുനിന്നിട്ടുണ്ട്. മുഹമ്മദ് നബി (സ)യെ പറ്റി പുലഭ്യം പറയാൻ മടിക്കാത്ത എച്ച്.ജി. വെൽസ് എന്ന ചരിത്രകാരൻപോലും ഖുർആനിൻെറ അനുയായികൾ അന്ന് നടത്തിയ ചരിത്രത്തിൽ തുല്യതയില്ലാത്ത ജൈത്രയാത്രയെപ്പറ്റി വിസ്മയപൂർവം പരാമർശിക്കാൻ നിർബന്ധിതനായിട്ടുണ്ട്.

### ഖുർആൻ എന്തുകൊണ്ട് അതുല്യം?

വൈജ്ഞാനിക വിസ്ഫോടനം എന്ന് വിളിക്കപ്പെടുന്ന പ്രതിഭാസം ലോകത്ത് അത്ഭുതങ്ങൾ വിരിയിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് ഏഴാം നൂറ്റാണ്ടിലെ ഒരു അറബി ഗ്രന്ഥത്തിൻെറ അതുല്യതയെപ്പറ്റി പറയുന്നത് ചിലർക്ക് പരിഹാസ്യമായി തോന്നിയേക്കാം. നൊബേൽ സമ്മാനം നേടിയ സാഹിത്യകൃതികളുടെയും ശാസ്ത്രസിദ്ധാന്തങ്ങളുടെയും മുമ്പിൽ ഒരു മതഗ്രന്ഥത്തിൻെറ പ്രസക്തി പാടേ നിഷേധിക്കുന്നവരുണ്ടായേക്കാം.

എന്നാൽ ലക്ഷണയുക്തമായ ഒരു ഗ്രന്ഥത്തെപ്പറ്റിയുള്ള ദൈവികവിഭാവനയുടെ അടിസ്ഥാനത്തിൽ വിശുദ്ധ ഖുർആനിൻെറ അയലത്ത് നിൽക്കാൻ യോഗ്യമായ ഒരു കൃതിപോലും ആധുനിക യുഗത്തിൽ വെളിച്ചം കണ്ടിട്ടില്ലെന്ന് സൂക്ഷ്മ വിശകലനത്തിൽ വ്യക്തമാകും. ഒരു ഗ്രന്ഥം ലക്ഷണയുക്തമാകാൻ എന്ത് വേണം?

“ആ ഗ്രന്ഥം, അതിൽ സംശയമില്ല. ധർമനിഷ്ഠർക്ക് അത് മാർഗദർശകമത്രെ” (വി.ഖു. 2:1)

ജീവിതത്തിൻെറ നേർക്ക് രണ്ടുതരം വീക്ഷാഗതികൾ വെച്ചു പുലർത്തുന്നവരുണ്ട്. ഒന്ന്, ജന്തുസഹജമായ വ്യഗ്രതയോടെ ജീവിത



സുഖങ്ങൾ വാരിക്കൂട്ടുവാൻ ശ്രമിക്കുന്നവർ. ഏറ്റവും ആസ്വാദ്യമായ ആഹാര പാനീയങ്ങളും ശ്രവ്യ-ദൃശ്യ മനോഹാരിതകളും ലൈംഗിക ചേഷ്ടകളുമായിരിക്കും അവരുടെ ജീവിത വീക്ഷണത്തിൽ മികച്ചു നിൽക്കുന്നത്. സ്വന്തം താൽപര്യത്തിനുതകുന്നതായി തോന്നുന്നതെല്ലാം അവർക്ക് യുക്തമായിരിക്കും. രണ്ട്, അതിരും എതിരുമില്ലാത്ത ജീവിതതൃഷ്ണ അപകടത്തിലേക്കേ നയിക്കുകയുള്ളൂവെന്നും ജീവിതം ധാർമികതയുടെ ചട്ടക്കൂട്ടിൽ ക്രമീകരിച്ചെങ്കിലേ മഹത്വം കൈവരിക്കാനാകൂ എന്നും മനസ്സിലാക്കിയവർ. ഒന്നാമത്തെ വിഭാഗത്തെ നയിക്കുന്നത് ക്ഷണിക വികാരങ്ങളും താൽക്കാലിക ലാഭചിന്തയുമാണെങ്കിൽ രണ്ടാം വിഭാഗത്തെ നയിക്കുന്നത് വിവേകവും ദീർഘദൃഷ്ടിയുമായിരിക്കും.

വിവേകശാലികളായ ഈ വിഭാഗം എപ്പോഴും ധർമത്തിൻെറ വെളിച്ചം തേടുന്നവരായിരിക്കും. ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് എന്നതായിരിക്കും അവരുടെ മുദ്രാവാക്യം. ഇത്തരക്കാർക്ക് വഴി കാട്ടാൻ സാധിക്കുന്നത് എന്ന് നിസ്സന്ദേഹം അവകാശപ്പെടുന്ന ഗ്രന്ഥം ഏതുണ്ട്? ഇതാണ് പ്രശ്നം. വിശുദ്ധ ഖുർആൻ അവകാശപ്പെടുന്നു: മനുഷ്യരുടെ വാഗ്വിചാരകർമങ്ങൾ അധർമത്തിലേക്ക് വ്യതിചലിക്കുമ്പോൾ അവരെ വീണ്ടെടുത്ത് ധർമത്തിൻെറ വെളിച്ചത്തിലേക്ക് ആനയിക്കാൻ അതിന് സാധിക്കുമെന്ന്.

വേറെ ഏത് ഗ്രന്ഥത്തിന് ഇങ്ങനെ അവകാശപ്പെടാനാകും? മത ദാർശനികവിഷയങ്ങളിലും ശാസ്ത്ര സാഹിത്യവിഭാഗങ്ങളിലുമായി കോടാനുകോടി ഗ്രന്ഥങ്ങൾ വിവിധ ഭാഷകളിലായി ലോകത്തുണ്ടെന്നത് ശരിയാണ്. അവയൊക്കെ ആളുകൾക്ക് അറിവും അനുഭൂതികളും പകർന്നുകൊടുക്കുന്നുമുണ്ട്. എന്നാൽ അറിവിനേക്കാളും അനുഭൂതിയേക്കാളും ഉന്നതമായ സന്മാർഗ ചിന്ത നൽകുന്നതിൽ അവയ്ക്ക് എത്രമാത്രം സമഗ്രതയും സമ്പൂർണതയും അവകാശപ്പെടാനാകും? ബൈബിളും ഗീതയും സെന്ത് അവെസ്തയും മറ്റും മത ഗ്രന്ഥങ്ങളെന്ന നിലയിൽ ഈ രംഗത്ത് ചിലതൊക്കെ ചെയ്യുന്നുണ്ട്. എന്നാൽ ദൈവികദീപ്തിയുമായി മനുഷ്യമനസ്സിനെ സദാ ബന്ധിപ്പിച്ചുകൊണ്ട് ജീവിതത്തെ ആമൂലാഗ്രം സംസ്കരിക്കുവാനുള്ള സമഗ്രമായ നിയമനിർദേശങ്ങൾ അവ ഉൾക്കൊള്ളുന്നില്ലെന്ന് സരളമായ താരതമ്യം കൊണ്ടുതന്നെ സ്പഷ്ടമാകും.

ഖുർആൻ കേവലം ചില പൂജാക്രമങ്ങളും പ്രാർഥനാ സങ്കീർത്ത

നങ്ങളും അടങ്ങുന്ന ഗ്രന്ഥമല്ല. മനുഷ്യ ജീവിതത്തെ ഗ്രസിക്കാവുന്ന എല്ലാ തിന്മകളെപ്പറ്റിയും വ്യക്തമായ താക്കീത് അതിൽ അടങ്ങിയിട്ടുണ്ട്. കുറ്റവാളികളെ കാത്തിരിക്കുന്ന ദൈവിക ശിക്ഷയും, കുറ്റകൃത്യങ്ങൾക്ക് ഭരണകൂടം നൽകേണ്ട ഭൗതിക ശിക്ഷയും വിശുദ്ധ ഖുർആൻ വിവരിക്കുന്നു. ഇടപാടുകൾ വിശ്വസ്തതയോടെ നടത്തുവാനുള്ള ധാർമിക മാർഗദർശനവും പണമിടപാടുകളിൽ കക്ഷികൾ തമ്മിൽ തർക്കങ്ങൾ ഉത്ഭവിക്കാതിരിക്കുന്നതിനുവേണ്ട പ്രായോഗിക നിർദേശങ്ങളും ഒരുപോലെ ഖുർആൻ ഉൾക്കൊള്ളുന്നു. വിവാഹം സുദൃഢമായ കരാർ എന്ന നിലയിൽ കാത്തുസൂക്ഷിക്കാനുള്ള ധാർമികോൽബോധനവും കുടുംബവഴക്കുകൾ രമ്യമായി പറഞ്ഞുതീർക്കുന്നതിനുള്ള പ്രായോഗിക നടപടിക്രമങ്ങളും ഖുർആനിൽ കാണാം. ആരാധനാക്രമങ്ങളെ യാന്ത്രികമായ അനുഷ്ഠാനങ്ങളായിട്ടല്ല വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്നത്. ജീവിതത്തെ സ്വച്ഛവും നിർമലവും അവക്രവുമായി നിലനിർത്താൻ സഹായിക്കുന്ന ധാർമിക പ്രചോദനോപാധികളെന്ന നിലയിലാണ് നമസ്കാരം (പ്രാർഥന) സക്കാത് (നിർബന്ധ ദാനം), വ്രതം, ഹജ്ജ് (മക്കയിലേക്കുള്ള തീർഥാടനം) എന്നീ കാര്യങ്ങളെ ഖുർആൻ അവതരിപ്പിക്കുന്നത്. വികാരവിചാരങ്ങളെ ശുദ്ധമാക്കാത്ത, സ്വാർഥം നീക്കാത്ത, സേവനമനസ്ഥിതി വളർത്താത്ത യാന്ത്രികമായ നമസ്കാരം (പ്രാർഥന) നാശത്തിനേ ഉതകൂ എന്ന് ഖുർആൻ താക്കീത് നൽകുന്നു. ലൈംഗിക അരാജകത്വത്തിനെതിരിൽ മാത്രമല്ല, അപവാദപ്രചാരണത്തിനെതിരിലും സ്വഭാവഹത്യക്കെതിരിലും കൂടി സമരം പ്രഖ്യാപിച്ചുകൊണ്ട് ഉള്ളും പുറവും ഒരുപോലെ ശുദ്ധമായ സമൂഹത്തിന്റെ സൃഷ്ടിക്ക് ആവശ്യമായ ഉപാധികൾ ഖുർആൻ വരച്ചുകാട്ടുന്നു.

### ഭൗതികവും അഭൗതികവും

ഭൗതികപ്രപഞ്ചത്തിൽ മനുഷ്യൻ കണ്ടെത്തുന്ന ജന്തുക്കൾക്കോ സസ്യങ്ങൾക്കോ നിർജ്ജീവ പദാർഥങ്ങൾക്കോ തെറ്റ് ചെയ്യാൻ കഴിയില്ല. വഞ്ചിക്കാനാവില്ല. കള്ളം പറയാൻ സാധിക്കില്ല. അധർമം പ്രവർത്തിക്കാൻ അവയ്ക്കൊന്നും സ്വാതന്ത്ര്യമില്ല. ഓരോന്നും അവയുടെ ധർമം യഥാവിധി നിർവഹിക്കുന്നു. മനുഷ്യൻ ഇതിൽ നിന്നെല്ലാം വ്യത്യസ്തനത്രെ! സ്വതന്ത്രമായ ചിന്ത, സ്വതന്ത്രമായ വാക്ക്, സ്വതന്ത്രമായ പ്രവർത്തനം: അതത്രെ അവന്റെ സവിശേഷത. ഭൗതികലോകത്ത് മനുഷ്യന് മാത്രം ലഭിച്ച ഈ സ്വാതന്ത്ര്യത്തെപ്പറ്റി അവൻ ശരിയാംവണ്ണം ചിന്തിച്ചാൽ അവന്റെ അസ്തിത്വപരമായ ബാധ്യതകൾ അവന് കണ്ടെത്താനാകും. പ്രകൃത്യാ അധർമം പ്രവർത്തിക്കാൻ സ്വാതന്ത്ര്യമില്ലാത്ത സൃഷ്ടികൾക്ക് പ്രത്യേക മാർഗദർശനത്തിന്റെ ആവശ്യമില്ല. അഥവാ അവയുടെ പ്രകൃതിയോടൊപ്പം അവയുടെ മാർഗവും നിർണയിക്കപ്പെട്ടിരിക്കുന്നു. അധർമം പ്രവർത്തിക്കാൻ സ്വാതന്ത്ര്യമുള്ള മനുഷ്യന് മാർഗദർശനം വേണം. ഭൗതികജ്ഞാനം നേർവഴി കാണിക്കാൻ പര്യാപ്തമാവില്ല. വിവാഹമാണോ വ്യഭിചാരമാണോ മനുഷ്യ ധർമമെന്ന് ഭൗതികശാസ്ത്രം പഠിപ്പിക്കുന്നില്ല. നീതിയോ അനീതിയോ, സത്യമോ അസത്യമോ, കാരുണ്യമോ ക്രൂരതയോ ഏതാണ് ധർമമെന്ന് ഭൗതികമായി തെളിയിക്കുക സാധ്യമല്ല. ഭൗതിക പ്രപഞ്ചത്തെപ്പറ്റി പഠിക്കാൻ ദൈവം മനുഷ്യന് നൽകിയ കഴിവുകൾ ഖുർആൻ ചിന്തോദ്ദീപകമാംവിധം ചൂണ്ടിക്കാട്ടുന്നുണ്ട്. മനനം, വചനം, ലേഖനം എന്നീ മാനവിക കഴിവുകളെ ദൈവത്തിന്റെ അമൂല്യമായ അനുഗ്രഹങ്ങളെന്ന നിലയിൽ ഖുർആൻ അവതരിപ്പിക്കുകയും ആ കഴിവുകൾ ദാനം ചെയ്തതിന് സ്രഷ്ടാവിനോട് നന്ദി പ്രകടിപ്പിക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.



എന്നാൽ സത്യവും അസത്യവും വിവേചിച്ചറിയേണ്ട നിർണായ കരംഗങ്ങളിൽ അഭൗതിക കേന്ദ്രങ്ങളിൽനിന്ന്, പ്രപഞ്ചനാഥനിൽ നിന്ന് മാർഗദർശനം ലഭിച്ചെങ്കിലല്ലാതെ മനുഷ്യന് നേർവഴി കണ്ടെത്താനാവില്ല. കാലാകാലങ്ങളിൽ വിവിധ ദേശങ്ങളിൽ നിയുക്തരായ പ്രവാചകന്മാരിലൂടെ അല്ലാഹു മനുഷ്യർക്ക് അഭൗതികമായ മാർഗദർശനം നൽകി. ആ മാർഗദർശനം സ്വീകരിച്ചവർക്ക് അവരുടെ ജീവിതത്തെ വിശുദ്ധമായി കാത്തുസൂക്ഷിക്കാൻ സാധിച്ചു. സ്വന്തം അറിവിൽ അഹങ്കരിച്ചവർക്ക് അധർമങ്ങളിലൂടെ അധഃപതിക്കാനായിരുന്നു വിധി. ധാരാളം ചരിത്രസംഭവങ്ങളുടെയും ജീവിതദൃഷ്ടാന്തങ്ങളുടെയും വെളിച്ചത്തിൽ ഖുർആൻ ഈ വസ്തുത സമർഥിക്കുന്നു.

മാർഗദർശനം പ്രയോജനപ്പെടണമെങ്കിൽ ഖുർആൻ ചൂണ്ടിക്കാണിക്കുന്ന അനിവാര്യ ഉപാധി മനുഷ്യൻ ഗൈബിൽ (അഭൗതിക സത്യങ്ങളിൽ) വിശ്വസിക്കണമെന്നുള്ളതാണ്. മനുഷ്യന് സ്വന്തം ജ്ഞാനത്തിൽ മതിപ്പുണ്ടാകണമെന്ന് തന്നെയാണ് ഖുർആൻ

പഠിപ്പിക്കുന്നത്. അതോടൊപ്പം സർവജ്ഞനായ ദൈവത്തിൻെറ ആത്യന്തികജ്ഞാനത്തിൻെറ സർവോന്നതസ്ഥാനവും മനുഷ്യൻ അംഗീകരിക്കണം. ത്രികാലജ്ഞാനിയായ ദൈവത്തിന് മാത്രമെ തെറ്റ് പറ്റാത്ത മാർഗനിർദേശം നൽകാൻ അർഹതയും അവകാശവും ഉള്ളൂവെന്നതാണ് ഖുർആനിൻെറ നിലപാട്.

“ആദമിന് അവൻ ‘പേരു’കളെല്ലാം പഠിപ്പിച്ചു” (വി.ഖു. 2:31).

“മനുഷ്യനെ അവൻ സൃഷ്ടിച്ചു. അവന്ന് ആശയപ്രകാശനം പഠിപ്പിച്ചു” (വി.ഖു. 55:3,4).

“പേന കൊണ്ട് പഠിപ്പിച്ചവൻ, മനുഷ്യന് അറിഞ്ഞുകൂടാത്തത് അവൻ പഠിപ്പിച്ചു” (വി.ഖു. 96:4,5).

“നിങ്ങൾ ഒരു കാര്യം വെറുത്തേക്കാം. യഥാർഥത്തിൽ അത് നിങ്ങൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ ഒരു കാര്യം ഇഷ്ടപ്പെട്ടേക്കാം. യഥാർഥത്തിൽ അത് നിങ്ങൾക്ക് ദോഷകരമായേക്കാം. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല” (വി.ഖു. 2:216).

“താങ്കൾ പറയൂ, ആത്മാവ് എൻെറ നാഥൻെറ കാര്യത്തിൽപെട്ടതാകുന്നു. ജ്ഞാനത്തിൽ നിന്ന് അൽപം മാത്രമെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടുള്ളൂ” (വി.ഖു. 17:85).

“നിങ്ങൾക്ക് എൻെറ മാർഗദർശനം വന്നെത്തുമ്പോൾ ആ മാർഗദർശനം പിന്തുടരുന്നതാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല” (വി.ഖു. 2:38).

ഇന്ന് ലോകത്തിന് നേരിട്ട ഏറ്റവും വലിയ ദുരന്തം ഭൗതികജ്ഞാനത്തിന് മാത്രം അംഗീകാരം നൽകുകയും മനുഷ്യനെ നേർവഴിയിലേക്ക് നയിക്കുന്ന ദൈവികസന്ദേശത്തെ അഗണ്യകോടിയിൽ തള്ളുകയും ചെയ്തതാണെന്ന് വർത്തമാനകാല സംഭവങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നവർക്ക് വ്യക്തമാകും.

**ചരിത്രം ഖുർആനിൽ**

വിശുദ്ധ ഖുർആൻ ഒരു ചരിത്രഗ്രന്ഥമല്ല. എന്നാൽ മനുഷ്യരാശിയെ ഇരുട്ടുകളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ വേണ്ടി അവതരിപ്പിക്കപ്പെട്ട ഒരു ഗ്രന്ഥത്തിന് ഭൂതകാലചരിത്രത്തെ അവഗണിച്ചുകൊണ്ട് ഭാവിയെപ്പറ്റി പറയാനാവില്ല. പൂർവകാലപ്രവാചകന്മാരുടെ പ്രബോധനത്തിൻെറയും പ്രവാചകന്മാരുടെ പ്രതിയോ



ഗികളുടെ പ്രതികരണങ്ങളുടെയും ചരിത്രത്തിൽനിന്ന് പാഠമുൾക്കൊള്ളാൻ സഹായിക്കുകയെന്നതാണ് ഖുർആനിലെ ചരിത്രകഥനത്തിൻെറ ലക്ഷ്യം.

ഖുർആൻ അവതരിപ്പിക്കപ്പെടുന്ന കാലത്തെ ചരിത്രമെന്നാൽ സത്യത്തെക്കാൾ അസത്യത്തിന് മുൻതൂക്കമുള്ള ഇതിഹാസങ്ങളായിരുന്നു. അറബിക്കഥകളോളമില്ലെങ്കിലും അമിതവർണനകളുടെയും അതിശയോക്തികളുടെയും കലർപ്പ് ധാരാളം ചേർന്നത് തന്നെയായിരുന്നു ബൈബിൾ കഥകളും. എന്നാൽ വിശുദ്ധ ഖുർആനിൻെറ ചരിത്രവിവരണം ഇതിൽനിന്നും തികച്ചും വ്യത്യസ്തമാണ്. അതിൽ ആധുനികചരിത്രവീക്ഷണം വെച്ചുനോക്കിയാൽ തെറ്റാണെന്ന് തെളിയിക്കാവുന്ന കാര്യങ്ങളൊന്നും തന്നെയില്ല. പ്രപഞ്ചോൽപത്തിയെ പറ്റിയും മനുഷ്യോൽപത്തിയെപറ്റിയും ബൈബിൾ പഴയ നിയമത്തിലുള്ള അവിശ്വസനീയമായ പരാമർശങ്ങളൊന്നും വിശുദ്ധ ഖുർആനിൽ ഇല്ലെന്നകാര്യം പ്രസ്താവ്യമാകുന്നു.

ബൈബിളും തൽമൂദും മറ്റും പാരായണം ചെയ്തിട്ട് അതിൻെറ വെളിച്ചത്തിൽ മുഹമ്മദ് നബി സ്വന്തമായി വിരചിച്ചതാണ് വിശുദ്ധ ഖുർആൻ എന്ന വിമർശകരുടെ വാദത്തിന് ശക്തമായ മറുപടി കൂടിയാണ് ഖുർആനിലെയും ബൈബിളിലെയും ചരിത്രപരമായ പരാമർശങ്ങൾ തമ്മിലുള്ള മൗലികമായ അന്തരം.

ഉദാഹരണമായി, ഞായർ മുതൽ വെള്ളികൂടിയ ആറ് ദിവസങ്ങളിലായി ദൈവം പ്രപഞ്ചസൃഷ്ടി നടത്തിയ ശേഷം ഏഴാം ദിവസം ജോലിയിൽനിന്ന് നിവൃത്തനായി വിശ്രമിച്ചുവെന്നും അന്നാണ് ശബ്ബത്ത് എന്നുമാണ് ഉൽപത്തി പുസ്തകത്തിൽ (ബൈബിൾ പഴയ നിയമം)രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വിശുദ്ധ ഖുർആനിൽ പ്രപഞ്ചത്തെ ആറ് ‘യൗമു’കളിലാക്കി സൃഷ്ടിച്ചുവെന്ന് മാത്രമെ പറഞ്ഞിട്ടുള്ളൂ (വി.ഖു. 7:54, 10:3, 11:7,25:59, 32:4, 50:38, 57:4) ‘യൗം’ എന്നാൽ ആഴ്ചയിലെ ഒരു ദിവസമല്ല, അതിദീർഘമായ ഒരു കാലയളവാണെന്നും ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. പ്രപഞ്ചത്തെ സൃഷ്ടിച്ചിട്ട് ദൈവം ക്ഷീണിക്കുന്ന പ്രശ്നമേയില്ലെന്നും (അതുകൊണ്ടുതന്നെ വിശ്രമത്തിൻെറ പ്രശ്നവുമില്ല) ഖുർആൻ സ്പഷ്ടമാക്കിയിട്ടുണ്ട് (വി.ഖു. 46:33).

പ്രവാചകനായ ലൂത്തി (ലോത്ത്)നെപ്പറ്റി ബൈബിൾ പരാമർശിക്കുന്നത് ഒരുപ്രവാചകൻെറ മഹത്വത്തിനോ സാധാരണക്കാരൻെറ

സഭ്യതയ്ക്കോ നിരക്കാത്ത വിധത്തിലാണ്. ഖുർആൻ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് ലൈംഗികസദാചാരത്തിന്റെ പ്രബോധകനായിട്ടാണ്. യഅ്ഖൂബ് നബി (യാക്കോബ്)യെ ബൈബിൾ ചിത്രീകരിക്കുന്നത് ദൈവവുമായി ഗുസ്തി നടത്തിയ വീരപരാക്രമിയായിട്ടാണ്. ഖുർആൻ അദ്ദേഹത്തെപ്പറ്റി വിവരിക്കുന്നത് അത്യന്തം താഴ്മയോടെ കരഞ്ഞ് കലങ്ങിയ കണ്ണുകളുമായി ദൈവത്തോട് പ്രാർഥിക്കുന്ന ഒരു വിനീതദാസനായിട്ടാണ്.

പ്രപഞ്ചോൽപത്തി സംബന്ധിച്ചും മനുഷ്യോൽപത്തി സംബന്ധിച്ചും ബൈബിളിൽ പരന്നുകിടക്കുന്ന വിചിത്രമായ വിവരണങ്ങളും കണക്കുകളും വിശുദ്ധ ഖുർആനിലില്ലെന്ന് മാത്രമല്ല, ആധുനിക ശാസ്ത്രജ്ഞന്മാരെ പോലും അമ്പരിപ്പിക്കുന്ന അന്യൂനതയോടുകൂടി വിശുദ്ധ ഖുർആൻ പ്രാപഞ്ചിക പ്രതിഭാസങ്ങളിലേക്ക് വെളിച്ചം വീശുന്നുണ്ട് എന്നതും വിശുദ്ധ ഖുർആനിന്റെ അമാനുഷികതക്ക് ഉത്തമദൃഷ്ടാന്തമത്രെ.

**ഖുർആനിക ദൃഷ്ടാന്തങ്ങൾ**

വിശുദ്ധ ഖുർആൻ മനുഷ്യമനസ്സിനോട് സംസാരിക്കുന്നത് അത്ഭുതങ്ങൾകൊണ്ട് അഭ്യാസം കാണിക്കുന്ന ഇതിഹാസകഥാപാത്രങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടല്ല. ഭൂത-പ്രേതാദികളെപറ്റിയോ രാക്ഷസാകാരം പൂണ്ട ദുഷ്ടശക്തികളെപ്പറ്റിയോ ഇമ്പാച്ചി പറഞ്ഞുകൊണ്ടുമല്ല. ഏതൊരു ചിന്താശീലനെയും വിസ്മയിപ്പിക്കുന്ന, കണ്ണും കാതും മനസ്സും തുറന്നുവെക്കാൻ സന്മനസ്സുള്ള ഏതൊരു ജിജ്ഞാസുവിന്നും കൗതുകമുളവാക്കുന്ന പ്രാപഞ്ചിക പ്രതിഭാസങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ ചോദിക്കുന്നു; ഇതൊക്കെ യാദൃച്ഛികമായി സംഭവിച്ചതാണോ, അലക്ഷ്യമായും അവ്യവസ്ഥിതമായും ഒത്തുകൂടിയതാണോ എന്ന്. പ്രാചീനഅറേബ്യയിലെ യുക്തിവാദികളെ മാത്രമല്ല ആധുനിക യുക്തിവാദികളെയും ഉത്തരം മുട്ടിക്കുന്നതത്രേ ഖുർആൻ ഉയർത്തിക്കാട്ടുന്ന ദൃഷ്ടാന്തങ്ങൾ. ദൈവത്തിന്റെ അസ്തിത്വത്തിനും അതുല്യമായ കഴിവുകൾക്കും ഖുർആൻ തെളിവ് നിരത്തുന്ന രീതി അത്യന്തം ലളിതവും ഹൃദയാവർജകവുമത്രെ. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു:

“അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ്: അവൻ നിങ്ങളെ മണ്ണിൽനിന്ന് സൃഷ്ടിച്ചു എന്നത്. എന്നിട്ടാണ് നിങ്ങൾ ഈ പരന്നുകിടക്കുന്ന മനുഷ്യവർഗമത്രയുമുണ്ടായത്.



അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ് നിങ്ങൾക്കുവേണ്ടി അവൻ നിങ്ങളിൽനിന്ന് തന്നെ ഇണകളെ സൃഷ്ടിച്ചുവെന്നത്. നിങ്ങൾ അവരോടൊത്ത് ശാന്തിയോടെ വസിച്ചിടുവാൻവേണ്ടി, നിങ്ങൾക്കിടയിൽ അവൻ സ്നേഹവും കാരുണ്യവും ഉളവാക്കുകയും ചെയ്തു. തീർച്ചയായും അതിൽ ചിന്തിക്കുന്ന ആളുകൾക്ക് തെളിവുകളുണ്ട്.

“ഉപരിലോകങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളുടെയും വർണങ്ങളുടെയും വൈവിധ്യവും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. അറിവുള്ളവർക്ക് അതിൽ തെളിവുകളുണ്ട്, തീർച്ച.

രാവിലും പകലിലുമുള്ള നിങ്ങളുടെ നിദ്രയും അവന്റെ അനുഗ്രഹങ്ങളിൽനിന്ന് നിങ്ങൾ ഉപജീവനം തേടുന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതത്രെ. ശ്രദ്ധിച്ചുകേൾക്കുന്ന ആളുകൾക്ക് അതിൽ തെളിവുകളുണ്ട്, തീർച്ച.

ഭയവും മോഹവുമുണർത്തിക്കൊണ്ട് അവൻ നിങ്ങൾക്ക് മിന്നൽപ്പിണർ കാണിച്ചുതരുന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. ഉപരിഭാഗത്തുനിന്ന് വെള്ളം ചൊരിഞ്ഞുതരികയും നിർജീവാവസ്ഥയ്ക്കുശേഷം ഭൂമിക്ക് ജീവൻ നൽകുകയും ചെയ്യുന്നു. തീർച്ചയായും അതിൽ ചിന്തിക്കുന്ന ആളുകൾക്ക് തെളിവുകളുണ്ട്.

അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതത്രെ, ആകാശവും ഭൂമിയും അവന്റെ ശാസനയനുസരിച്ച് നിലനിൽക്കുന്നുവെന്നത്. പിന്നീട് നിങ്ങളെ ഭൂമിയിൽനിന്ന് (മരണാനന്തരം) അവൻ ഒരു വിളിയങ്ങ് വിളിക്കുമ്പോൾ നിങ്ങളതാ അവങ്കലേക്ക് പുറപ്പെടുന്നു.

ഉപരിലോകങ്ങളിലും ഭൂമിയിലും ഉള്ളവയെല്ലാം അവന്റെതാകുന്നു. എല്ലാവരും അവന്ന് കീഴടങ്ങുന്നവരത്രെ.

അവൻ തന്നെയാകുന്നു സൃഷ്ടികർമം തുടങ്ങുന്നത്. പിന്നീട് അവനത് ആവർത്തിക്കുന്നു. ആ ആവർത്തനം അവന് കൂടുതൽ എളുപ്പമുള്ളതാകുന്നു. ഉപരിലോകങ്ങളിലെയും ഭൂമിയിലെയും അത്യുന്നതമായ മാതൃക അവന്റെതാകുന്നു. അവൻ പ്രതാപിയും അഭിജ്ഞനുമത്രെ” (വി.ഖു. 30:20-27).

“ഉപരിലോകങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും ദിനരാ

ത്രങ്ങളുടെ മാറ്റത്തിലും ജനോപകാരപ്രദമായ വസ്തുക്കളുമായി കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിലും, അല്ലാഹു ഉപരിഭാഗത്തുനിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് തദ്വാരാ നിർജ്ജീവമായിക്കിടന്നിരുന്ന ഭൂമിക്ക് ജീവൻ നൽകിയതിലും, ഭൂമിയിൽ ജന്തുജാലങ്ങളെ വിന്യസിച്ചതിലും, കാറ്റുകളുടെ ഗതിവിപര്യയത്തിലും ആകാശ ഭൂമികൾക്കിടയിലൂടെ ആനയിക്കപ്പെടുന്ന കാർമേഘത്തിലും ചിന്തിക്കുന്ന ആളുകൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്, തീർച്ച" (വി.ഖു. 2:164).

"സത്യനിഷേധികൾ കണ്ടില്ലേ? ഉപരിലോകങ്ങളും ഭൂമിയും ഒട്ടിച്ചേർന്നവയായിരുന്നു. എന്നിട്ട് നാം അവയെ വേർപ്പെടുത്തി. വെള്ളത്തിൽനിന്നും എല്ലാ ജൈവവസ്തുക്കളെയും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ? ഭൂമിയിൽ ഉറച്ചുനിൽക്കുന്ന പർവതങ്ങളെ നാം ഉണ്ടാക്കി; അവരെയുംകൊണ്ട് അത് 'ഭൂമി' ഇളകിപ്പോകാതിരിക്കുവാൻ വേണ്ടി. ആ പർവതങ്ങളിൽ വിശാലമായ പാതകളും നാം ഉണ്ടാക്കി; അവർ വഴി കണ്ടെത്തുന്നതിനുവേണ്ടി.

ഉപരിഭാഗത്തെ നാം സുരക്ഷിതമായ ഒരു മേൽപ്പുരയാകയും ചെയ്തു. എന്നിട്ടും ഇവയിലടങ്ങിയതെളിവുകൾ ശ്രദ്ധിക്കാതെ അവർ തിരിഞ്ഞുകളയുകയാകുന്നു!

അവനാകുന്നു ദിനരാത്രങ്ങളെയും സൂര്യചന്ദ്രന്മാരെയും സൃഷ്ടിച്ചത്. ഓരോന്നും അതതിൻെറ ഭ്രമണപഥത്തിൽ നീന്തിക്കൊണ്ടിരിക്കുന്നു" (വി.ഖു. 21:30-33).

"അവർക്കുള്ള ദൃഷ്ടാന്തം നിർജീവമായ ഭൂമിയാകുന്നു. നാമതിന് ജീവൻ നൽകുകയും അതിൽനിന്ന് ധാന്യം ഉൽപാദിപ്പിക്കുകയും ചെയ്തു. എന്നിട്ട് അതിൽ നിന്നത്രെ അവർ ഭുജിക്കുന്നത്.

അതിൽ നാം ഈന്തപ്പനത്തോട്ടങ്ങളും മുന്തിരിത്തോട്ടങ്ങളും ഉണ്ടാക്കി. അതിൽ നാം നീരുറവകൾ പൊട്ടിച്ചെടുക്കുകയും ചെയ്തു. അതിൻെറ ഫലങ്ങളിൽനിന്ന് അവർ ഭുജിച്ചിടുവാൻ. (യഥാർഥത്തിൽ) അവരുടെ കരങ്ങളല്ല അത് ഉണ്ടാക്കിയത്. എന്നിട്ടും അവർ നന്ദി കാണിക്കുന്നില്ലേ?

ഭൂമി മുളപ്പിക്കുന്നവ, അവരുടെ സ്വന്തം ശരീരങ്ങൾ, അവർക്കറിഞ്ഞുകൂടാത്ത മറ്റ് വസ്തുക്കൾ എല്ലാം ഇണകളായി സൃഷ്ടിച്ച സൃഷ്ടികർത്താവ് എത്ര മഹത്വമുള്ളവൻ!" (വി.ഖു. 36:33-36).

"ജനങ്ങളേ നിങ്ങൾക്ക് (മരണാനന്തരമുള്ള) ഉയർത്തെഴുന്നേൽപ്പിൽ സംശയമാണെങ്കിൽ (ശ്രദ്ധിക്കുക). നാമാണ് നിങ്ങളെ മണ്ണിൽനിന്ന് സൃഷ്ടിച്ചത്. പിന്നെ ബീജകണത്തിൽനിന്ന്. പിന്നെ ഭ്രൂണത്തിൽനിന്ന്. പിന്നെ രൂപം പൂണ്ടതും അല്ലാത്തതുമായ മാംസപിണ്ഡത്തിൽനിന്ന്. എന്നിട്ട് നാം ഉദ്ദേശിക്കുന്ന ഒരു നിർണിത സമയം വരെ ഗർഭാശയത്തിൽ താങ്ങാൻവിടുന്നു. നിങ്ങളെ നാം ശൈശവാവസ്ഥയിൽ പുറത്തുകൊണ്ടുവരുന്നു. പിന്നെ നിങ്ങൾ പരിപക്വപ്രായത്തിലെത്തുന്നു. നിങ്ങൾ ചിലർ (ഇടപ്രായത്തിൽ) ചരമം പ്രാപിക്കുന്നു. ചിലർ അവശവാർദ്ധക്യത്തിലേക്ക് നയിക്കപ്പെടുന്നു. അതെ, പലതും അറിയുമായിരുന്നതിനുശേഷം ഒന്നും അറിയാത്ത അവസ്ഥയിലേക്ക്" (വി.ഖു. 22:5).



"അവൻ നിങ്ങളെ ഒരൊറ്റ സത്തയിൽനിന്ന് സൃഷ്ടിച്ചു. പിന്നെ അതിൽനിന്ന് തന്നെ അതിൻെറ ഇണയെയും ഉണ്ടാക്കി. നിങ്ങൾക്കുവേണ്ടി കാലികളിൽനിന്ന് എട്ട് ഇണകളേയും അവൻ ഒരുക്കിത്തന്നു. നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽ ഒന്നിനുപുറകെ ഒന്നായി സൃഷ്ടിപ്പിൻെറ പല ഘട്ടങ്ങളിലായി നിങ്ങളെയവൻ സൃഷ്ടിക്കുന്നു. മൂന്ന് ഇരുട്ടുകൾക്കുള്ളിൽ. അവനാകുന്നു നിങ്ങളുടെ നാഥൻ. അവന്നാകുന്നു ആധിപത്യം. അവനല്ലാതെ ഒരാരാധ്യനുമില്ല. എന്നിട്ട് നിങ്ങളെങ്ങനെ വ്യതിചലിക്കപ്പെടുന്നു?" (വി.ഖു. 39:6).

"അല്ലാഹു നിങ്ങളെ നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽനിന്ന് പുറത്തുകൊണ്ടുവന്നത് നിങ്ങൾക്ക് ഒന്നും അറിഞ്ഞുകൂടാത്ത അവസ്ഥയിലാണ്. അവനാണ് നിങ്ങൾക്ക് കാതും കണ്ണും മനസ്സുമെല്ലാം നൽകിയത്. നിങ്ങൾ നന്ദിയുള്ളവരായെങ്കിൽ!" (വി.ഖു. 16:78).

"ദൈവം നിങ്ങളെ മണ്ണിൽനിന്നും തുടർന്ന് ബീജകണത്തിൽനിന്നും സൃഷ്ടിച്ചു. എന്നിട്ട് നിങ്ങളെ അവൻ ഇണകളാക്കി. അവൻെറ അറിവോടെയല്ലാതെ ഒരു സ്ത്രീയും ഗർഭം ധരിക്കുന്നില്ല. പ്രസവിക്കുന്നുമില്ല. രേഖയിലുള്ളതനുസരിച്ചല്ലാതെ ഒരാൾക്കും ദീർഘായുസ്സ് നൽകപ്പെടുകയോ അൽപായുസ്സാക്കപ്പെടുകയോ ഇല്ല. തീർച്ചയായും അത് ദൈവത്തിന് എളുപ്പമാകുന്നു.

രണ്ട് ജലാശയങ്ങൾ തുല്യമാവുകയില്ല. ഒന്ന് ശുദ്ധവും സ്വച്ഛവും സുഖദവും. മറ്റൊന്ന് ഉപ്പ് രസവും ദുസ്സ്വാദുമുള്ളത്. എന്നാൽ രണ്ടിൽനിന്നും മാർദവമുള്ള പുത്തൻ മാംസം നിങ്ങൾക്ക് ഭക്ഷിക്കാൻ കിട്ടുന്നു. നിങ്ങൾക്ക് ആഭരണമായി അണിയാനുള്ളത് പുറത്തെടു

ക്കാനും കഴിയുന്നു. കപ്പല്‍ അതിലൂടെ ജലോപരിതലം കീറിമുറിച്ച് നീങ്ങുന്നത് കാണാം. നിങ്ങള്‍ അവന്‍െറ അനുഗ്രഹത്തില്‍നിന്നും തേടുവാന്‍ വേണ്ടിയും നിങ്ങള്‍ നന്ദിയുള്ളവരായിരിക്കാന്‍ വേണ്ടിയും.

അവന്‍ രാത്രിയെ പകലില്‍ വിലയിപ്പിക്കുന്നു. പകലിനെ രാത്രിയിലും. അവന്‍ സൂര്യനെയും ചന്ദ്രനെയും കീഴ്പ്പെടുത്തിയിരിക്കുന്നു. ഓരോന്നും നിശ്ചിത പരിധിയിലേക്ക് സഞ്ചരിക്കുന്നു. അവനത്രെ നിങ്ങളുടെ നാഥനായ ദൈവം. അവന്നാകുന്നു ആധിപത്യം. അവന് പുറമെ നിങ്ങള്‍ പ്രാര്‍ത്ഥിക്കുന്നവരാരും ഒരു ഈത്തപ്പനക്കുരുവിന്‍െറ പാടപോലും അധീനപ്പെടുത്തുന്നില്ല" (വി.ഖു. 35:11-13)

"ഭൂമിയെ നാം വിശാലമാക്കുകയും അതില്‍ ഉറച്ചുനില്‍ക്കുന്ന പര്‍വ്വതങ്ങള്‍ സ്ഥാപിക്കുകയും, എല്ലാം സന്തുലിതമായിക്കൊണ്ട് അതില്‍ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു.

നിങ്ങള്‍ക്കും നിങ്ങള്‍ ആഹാരം നല്‍കി വളര്‍ത്തുന്നതല്ലാത്ത ജീവികള്‍ക്കും വേണ്ടി നാം അതില്‍ ഉപജീവനമാര്‍ഗങ്ങള്‍ ഒരുക്കിയിരിക്കുന്നു.

ഏതൊരു വസ്തുവിന്‍െറയും ഖജനാവുകള്‍ നമ്മുടെ പക്കല്‍ മാത്രമാകുന്നു. നിശ്ചിത അളവനുസരിച്ച് മാത്രമെ നാമത് നല്‍കുകയുള്ളൂ.

നാം മേഘങ്ങള്‍ക്ക് ബീജദാനം ചെയ്യുന്ന കാറ്റുകളെ നിയോഗിച്ചു. തുടര്‍ന്ന് ഉപരിഭാഗത്ത് നിന്ന് നാം വെള്ളം ചൊരിയുകയും അത് നിങ്ങള്‍ക്ക് കുടിക്കുമാറാക്കുകയും ചെയ്തു. നിങ്ങള്‍ക്കത് (വറ്റിപ്പോകാത്തവണ്ണം) സൂക്ഷിച്ചുവെക്കാന്‍ കഴിയുമായിരുന്നില്ല" (വി.ഖു. 15:19-22).

"അവന്‍ നോക്കുന്നില്ലേ ഒട്ടകം എങ്ങനെയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന്? ആകാശം എങ്ങനെ ഉയര്‍ത്തപ്പെട്ടിരിക്കുന്നുവെന്നും. പര്‍വതങ്ങള്‍ എങ്ങനെ സ്ഥാപിക്കപ്പെട്ടിരിക്കുന്നുവെന്നും, ഭൂമി എങ്ങനെ നിരപ്പുള്ളതാക്കപ്പെട്ടിരിക്കുന്നുവെന്നും" (വി.ഖു. 88:17-20).

"നിങ്ങളെ ദുര്‍ബലാവസ്ഥയില്‍ നിന്ന് സൃഷ്ടിച്ചവനാകുന്നു അല്ലാഹു. തുടര്‍ന്ന് ദൗര്‍ബല്യത്തിന് ശേഷം അവന്‍ കരുത്തുണ്ടാക്കിത്തന്നു. കരുത്തിനുശേഷം വീണ്ടും ബലഹീനതയും നരയും വരുത്തി. അവന്‍ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു. അവന്‍ സര്‍വജ്ഞനുമത്രെ" (വി.ഖു. 30:54).



"അവര്‍ കണ്ടില്ലേ, നമ്മുടെ കരങ്ങള്‍ രൂപം നല്‍കിയ കാലികളെ നാം അവര്‍ക്ക് വേണ്ടിയാണ് സൃഷ്ടിച്ചതെന്ന്. അങ്ങനെ അവര്‍ അവയെ അധീനപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

അവയെ നാം അവര്‍ക്ക് കീഴൊതുക്കികൊടുക്കുകയും ചെയ്തു. അവയില്‍ ചിലത് വാഹനമാകുന്നു. ചിലതിനെ അവര്‍ ഭുജിക്കുകയും ചെയ്യുന്നു.

അവര്‍ക്ക് അവയില്‍ പല പ്രയോജനങ്ങളുമുണ്ട്. കുടിക്കുവാനുള്ള പാലും. എന്നിട്ടും അവരെന്താ നന്ദികാണിക്കാത്തത്" (വി.ഖു. 36: 71-73).

"മനുഷ്യന്‍ കണ്ടില്ലേ; അവനെ നാം ഒരു ബീജകണത്തില്‍നിന്നാണ് സൃഷ്ടിച്ചതെന്ന്. എന്നിട്ട് അവനതാ വ്യക്തമായ എതിര്‍പ്പുകാരനായി മാറിയിരിക്കുന്നു. നമുക്കവന്‍ ഉപമയുണ്ടാക്കുകയും, സ്വന്തം സൃഷ്ടിപ്പിനെപറ്റി വിസ്മരിക്കുകയും ചെയ്തിരിക്കുന്നു. അവന്‍ ചോദിച്ചു; 'ദ്രവിച്ചുപോയ ഈ അസ്ഥിശകലങ്ങള്‍ക്ക് ജീവന്‍ നല്‍കാന്‍ ആര്‍ക്കാണ് കഴിയുകയെന്ന്.

പറയൂ: ആദ്യതവണ അവയെ സൃഷ്ടിച്ചവന്‍ തന്നെ അവയ്ക്ക് ജീവന്‍ നല്‍കും. അവന്‍ എല്ലാതരം സൃഷ്ടിപ്പിനെപറ്റിയും നന്നായി അറിയുന്നവനത്രെ.

നിങ്ങള്‍ക്കുവേണ്ടി പച്ചമരത്തില്‍നിന്ന് തീ ഉണ്ടാക്കി തന്നവനത്രെ അവന്‍. എന്നിട്ട് അതില്‍നിന്ന് നിങ്ങളതാ കത്തിക്കുന്നു.

ഉപരിലോകങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവന്‍ അവരെ പോലുള്ളവരെ സൃഷ്ടിക്കാന്‍ കഴിവുള്ളവനല്ലെന്നോ? സംശയമേതുമില്ല. അവന്‍ തന്നെയാകുന്നു സര്‍വജ്ഞനായ സൃഷ്ടികര്‍ത്താവ്.

അവന്‍െറ കാര്യം, അവന്‍ ഒരു കാര്യം ഉദ്ദേശിച്ചാല്‍ 'ഉണ്ടാകൂ' എന്ന ആജ്ഞ മാത്രമാകുന്നു. അപ്പോഴതാ അത് ഉണ്ടാകുന്നു.

എല്ലാ കാര്യങ്ങളുടെയും അധീശാധികാരം കൈവശമുള്ളവന്‍ എത്ര മഹത്വമുള്ളവന്‍! അവനിലേക്ക് തന്നെയായിരിക്കും നിങ്ങള്‍ തിരിച്ചുവിളിക്കപ്പെടുന്നത്" (വി.ഖു. 36:77-83).

"നാമാണ് നിങ്ങളെ സൃഷ്ടിച്ചത്. നിങ്ങള്‍ക്കെന്താ വിശ്വാസമാകുന്നില്ലേ?

നിങ്ങൾ ബീജം സ്രവിക്കുന്നതിനെപ്പറ്റി നിങ്ങൾ ചിന്തിച്ചുവോ?

നിങ്ങളാണോ അത് സൃഷ്ടിക്കുന്നത്? അതോ നാമാണോ സൃഷ്ടികർത്താവ്?

നാം നിങ്ങൾക്കിടയിൽ മരണം വിധിച്ചിരിക്കുന്നു. നമ്മെ ആർക്കും തോൽപിക്കാനാവില്ല.

നിങ്ങളെപോലുള്ളവരെ മാറ്റുവാനും നിങ്ങൾക്ക് അറിഞ്ഞുകൂടാത്ത വിധത്തിൽ നിങ്ങളെ പുനഃസൃഷ്ടിക്കാനും വേണ്ടി.

ആദ്യത്തെ സൃഷ്ടിരൂപത്തെപ്പറ്റി നിങ്ങൾ മനസ്സിലാക്കിയല്ലോ. എന്നിട്ടും നിങ്ങളെന്താ ബോധവാന്മാരാകാത്തത്?

നിങ്ങൾ കൃഷിയിറക്കുന്നതിനെപ്പറ്റി നിങ്ങൾ ചിന്തിച്ചുവോ?

നിങ്ങളാണോ അത് മുളപ്പിച്ച് വളർത്തുന്നത്? അതല്ല നമ്മളോ?

നാം വിചാരിച്ചിരുന്നെങ്കിൽ അതാകെ ധൂളികളാക്കി മാറ്റുമായിരുന്നു. അപ്പോൾ നിങ്ങൾ അത്ഭുതസ്തബ്ധരായിപ്പോകും.

ഞങ്ങളിതാ കടബാധ്യതയിൽ അകപ്പെട്ടിരിക്കുന്നു (എന്ന് നിങ്ങൾ മുറവിളി കൂട്ടണ്ടിവരും).

അല്ല. ഞങ്ങൾ എല്ലാം നഷ്ടപ്പെട്ടവരായിരിക്കുന്നു എന്ന്. നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ? നിങ്ങളാണോ മേഘത്തിൽനിന്ന് അത് താഴെക്കൊണ്ടുവരുന്നത്? അതല്ല നാമോ?

നാം വിചാരിച്ചിരുന്നെങ്കിൽ നമുക്കത് ഉപ്പുരസമുള്ളതാക്കാൻ കഴിയുമായിരുന്നു. എന്നിട്ടും നിങ്ങളെന്താ നന്ദി കാണിക്കാത്തത്?

നിങ്ങൾ തീ കത്തിച്ചെടുക്കുന്നതിനെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ?

"അത് കത്താനുള്ള മരം നിങ്ങളാണോ ഉണ്ടാക്കിയത്? അതല്ല നാമോ?" (വി.ഖു. 56:57-72).

"മനുഷ്യൻ വിചാരിക്കുന്നുണ്ടോ അവൻെറ അസ്ഥിശകലങ്ങളെ പുനഃസംയോജിപ്പിക്കാൻ നമുക്ക് കഴിയില്ലെന്ന്?

സംശയം വേണ്ട, അവൻെറ വിരൽതുമ്പുപോലും ശരിയായി സംവിധാനിക്കാൻ നമുക്ക് കഴിവുണ്ട്" (വി.ഖു. 75:3,4).

**നിത്യനൂതനം**

മനുഷ്യൻെറ ചിന്തയെയും ബോധത്തെയും തട്ടിയുണർത്തത്തക്ക വണ്ണം വിശുദ്ധ ഖുർആനിലുടനീളം പരന്നുകിടക്കുന്ന ദൈവിക ദൃഷ്ടാന്തങ്ങളുടെ ഏതാനും ഉദാഹരണങ്ങളാണ് മുകളിൽ കൊടുത്തത്. 1400 കൊല്ലംമുമ്പുള്ള അറബികളെ സംബന്ധിച്ചിടത്തോളം ഇത് എത്രമാത്രം പ്രസക്തമാണോ അത്രത്തോളം പ്രസക്തി ആധുനികസമൂഹങ്ങളുടെ കാര്യത്തിലും അതിനുണ്ട്. കാലവും കോലവുമെല്ലാം മാറിയാലും ഈ ദൃഷ്ടാന്തങ്ങളിലൊന്നിനുപോലും കാലഹരണം സംഭവിച്ചിട്ടില്ല. സ്വയം സംസാരിക്കുന്ന ഈ സൂക്തങ്ങളെ ജീവിതത്തിൻെറ ഏത് തുറയിലുള്ള പക്വമതികൾക്കും തള്ളിപ്പറയാനാവില്ല. പഴയ അറേബ്യൻ സമൂഹത്തിലെ പ്രാകൃതരും, നാഗരികരും, സാഹിത്യകാരന്മാരും നിരക്ഷരരും അടിമകളും, ഉടമകളും ഒരുപോലെ ഈ സൂക്തങ്ങളുടെ അമാനുഷിക പ്രഭാവം അംഗീകരിച്ചിരുന്നു.

ഇന്നും ഈ നിലയിൽ മാറ്റമൊന്നും വന്നിട്ടില്ല. ചിലർ തെറ്റിദ്ധരിച്ചപോലെ ഒരുപിടി പഴഞ്ചന്മാരെ മാത്രമല്ല വിശുദ്ധ ഖുർആൻ ആകർഷിക്കുന്നത്. ലോകപ്രശസ്തരായ ഗവേഷകരും ചിന്തകന്മാരും ഇന്ന് വിശുദ്ധ ഖുർആനിനെ ഭാഷാപരമായും ആശയപരമായും അപഗ്രഥിച്ചുകൊണ്ടിരിക്കുകയാണ്. കംപ്യൂട്ടർ ഉപയോഗിച്ചുള്ള അതിസൂക്ഷ്മമായ പഠനത്തിനുപോലും വിശുദ്ധഖുർആൻ വിധേയമായിട്ടുണ്ട്. എല്ലാ വിവേകശാലികളായ അന്വേഷകരെയും അമ്പരപ്പിച്ചുകൊണ്ട് അതിൻെറ സാർവാതിശായിത ഇന്നും നിലനിൽക്കുന്നു. പ്രബുദ്ധരെന്ന് പ്രഘോഷിക്കപ്പെടാറുള്ള കേരളത്തിൽപോലും ജനലക്ഷങ്ങൾ വിശുദ്ധ ഖുർആനിനെ ഗൗരവബുദ്ധ്യാ പഠനവിധേയമാക്കിക്കൊണ്ടിരിക്കുന്നു. ഡോക്ടർമാരും എഞ്ചിനീയർമാരും പ്രൊഫസർമാരുമടങ്ങുന്ന ബുദ്ധിജീവികൾ ഇവിടെയും ഖുർആൻ വ്യാഖ്യാനിക്കുകയും അപഗ്രഥിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഭൗതികവാദത്തിൻെറ അതിപ്രസരത്തിൽപെട്ട് മതങ്ങളോട് മുൻവിധി വെച്ചുപുലർത്തുന്നവരും സാമുദായികത്വത്തിൻെറ സ്വാധീനത്തിൽപെട്ട് ഇസ്ലാം വിരോധം പുലർത്തുന്നവരുമല്ലാത്ത നിഷ്പക്ഷമതികൾ എല്ലാകാലത്തും വിശുദ്ധ ഖുർആനിൻെറ സംവേദനക്ഷമത അംഗീകരിച്ചിട്ടുണ്ട്. ഒരുകാലത്ത് വിശുദ്ധ ഖുർആനിൻെറ ബദ്ധവൈരികളായിരുന്ന കേരളത്തിലെ ചില ബുദ്ധിജീവികൾ പിൽക്കാലത്ത് ഖുർആനുമായി വിട്ടുപിരിയാനാകാത്ത ആത്മബന്ധമുള്ളവരായി മാറിയ കാര്യം ഈ സന്ദർഭത്തിൽ സ്മരണീയമാണ്.

1400 വർഷങ്ങൾക്കകം ശാസ്ത്ര സാഹിത്യ കലാരംഗങ്ങളിൽ

വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ഭൂമിയാണ് പ്രപഞ്ചത്തിൻെറ കേന്ദ്രമെന്ന് വിശ്വസിക്കപ്പെട്ട കാലമുണ്ടായിരുന്നു. സൂര്യനാണ് പ്രപഞ്ചത്തിൻെറ കേന്ദ്രമെന്നും ഗ്രഹങ്ങൾ സൂര്യൻെറ ആകർഷണവലയത്തിൽ ഭ്രമണം ചെയ്തുകൊണ്ടിരിക്കയാണെന്നും പിന്നീട് തെളിയിക്കപ്പെട്ടു. മഴയെയും കാലാവസ്ഥയെയും പറ്റി മനുഷ്യരുടെ ധാരണയിൽ നിരന്തരം മാറ്റങ്ങൾ വന്നിട്ടുണ്ട്. ജീവജാലങ്ങളെയും സസ്യങ്ങളെയും പറ്റി വൈവിധ്യമാർന്ന വീക്ഷണങ്ങളുണ്ടായിട്ടുണ്ട്. മനുഷ്യൻെറയും പ്രപഞ്ചത്തിൻെറയും ഉൽപത്തിയെപ്പറ്റി വന്നുംപോയും കൊണ്ടിരിക്കുന്ന സിദ്ധാന്തങ്ങൾക്ക് കണക്കില്ല. മനുഷ്യൻെറ ഗർഭധാരണം മുതൽ പ്രസവം വരെയുള്ള ഘട്ടങ്ങളെപ്പറ്റിയും ശാസ്ത്രം അഭിപ്രായങ്ങൾ മാറിമാറി പറഞ്ഞിട്ടുണ്ട്. വിശുദ്ധ ഖുർആൻ ഭൗതികശാസ്ത്രം പഠിപ്പിക്കാൻവേണ്ടി വന്ന ഗ്രന്ഥമല്ലെന്നും മനുഷ്യരുടെ ധാർമികമാർഗദർശനമാണ് അതിൻെറ ലക്ഷ്യമെന്നും ഖുർആൻ വാക്യങ്ങളിൽ നിന്നുതന്നെ വ്യക്തമാകുന്നുണ്ട്. എങ്കിലും പ്രാപഞ്ചിക പ്രതിഭാസങ്ങളിലൂടെ ദൈവാസ്തിത്വം കണ്ടെത്താൻ മനുഷ്യനെ സഹായിക്കുന്ന രംഗത്ത് വിശുദ്ധ ഖുർആൻ ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾ തെറ്റാണെന്ന് ഒരു ശാസ്ത്രനിമയവും ഒരിക്കലും തെളിയിച്ചിട്ടില്ല എന്ന വസ്തുത അതിൻെറ ദൈവികതയ്ക്കുള്ള തെളിവുകളിലൊന്നായി നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ എക്കാലത്തെയും ശാസ്ത്രജ്ഞന്മാർക്ക് ഖുർആൻ സ്വീകരിക്കുന്നതിന് ബുദ്ധിപരമായ തടസ്സമുണ്ടായിരുന്നില്ല.

ഇതിന് പുറമെ നമ്മുടെ സവിശേഷ ശ്രദ്ധയർഹിക്കുന്ന ഒരു വിഷയമുണ്ട്. വിശുദ്ധ ഖുർആനിനെ പറ്റി യാതൊരു ധാരണയും ഉണ്ടായിട്ടില്ലാത്ത ക്രൈസ്തവ യഹൂദ നാസ്തിക ശാസ്ത്രജ്ഞന്മാർ നടത്തിയ ഗവേഷണങ്ങൾ ഖുർആനിൽ 1400 വർഷംമുമ്പ് ശാസ്ത്രം ഭ്രൂണാവസ്യിലായിരുന്ന കാലത്ത് പറഞ്ഞ കാര്യങ്ങളെ ശരിവെച്ചുകൊണ്ടിരിക്കുന്നു എന്നതാണത്. ഇതിന് ഉദാഹരണങ്ങൾ നിരവധിയുണ്ട്.

### ആകാശഭൂമികളുടെ ഉൽപത്തി

ആകാശഗോളങ്ങളും ഭൂമിയും ഒന്നിച്ച് ഒരൊറ്റ ആദിപദാർഥത്തിൻെറ ഭാഗമായിരുന്നുവെന്നത് ഇന്ന് ശാസ്ത്രരംഗത്ത് ഏതാണ്ട് തർക്കമറ്റ വിഷയമാണ്. പ്രപഞ്ചത്തിൻെറ ഉൽപത്തിയെപ്പറ്റി വ്യത്യസ്ത വീക്ഷണങ്ങളുണ്ടെങ്കിലും താരഗണങ്ങളും ഗ്രഹോപഗ്രഹങ്ങളും



ഒരേ ഉറവിടത്തിൽനിന്ന് വിഘടിച്ച് രൂപം കൊണ്ടതാണെന്നതിൽ ഇന്ന് തർക്കം അവശേഷിക്കുന്നില്ല.

പ്രപഞ്ചത്തിൻെറ ഉത്ഭവം സംബന്ധിച്ച് ഇന്ന് നിലവിലുള്ള സിദ്ധാന്തങ്ങളിൽ പ്രമുഖ ഗോളശാസ്ത്രജ്ഞരുടെ അംഗീകാരം നേടിയിട്ടുള്ളത് ഉഗ്രമായ ഒരു ആദിസ്ഫോടനത്തിൽനിന്നാണ് മുഴുവൻ പ്രപഞ്ചത്തിൻെറയും തുടക്കമെന്ന് സമർഥിക്കുന്ന ബിഗ്ബാംഗ് സിദ്ധാന്തമത്രെ.

നാല് പ്രമുഖ ശാസ്ത്രജ്ഞന്മാർ ചേർന്ന് 1976 മാർച്ചിലെ Scientific Americanൽ എഴുതിയ ഒരു ലേഖനത്തിൽ ഇപ്രകാരം കാണാം:

``Thus it appears that the Universe began from a state of infinite density about one hubble time ago. Space and time were created in that event and so was all the matter in the universe".

“അനന്തമായ അളവിൽ സാന്ദ്രമായിരുന്ന ഒരു അവസ്ഥയിൽ നിന്നാണ് പ്രപഞ്ചം ഉത്ഭവിച്ചതെന്നാണ് വ്യക്തമാകുന്നത്. ഏകദേശം ഒരു ‘ഹബ്ൾ സമയം’* മുമ്പാണ് ഇത് നടന്നത്. സ്പെയ്സും സമയവും ആ സംഭവത്തോടെയാണ് സൃഷ്ടിക്കപ്പെട്ടത്. അപ്രകാരം തന്നെ പ്രപഞ്ചത്തിലെ മുഴുവൻ പദാർഥവും”.

(`Will the Universe Expand forever' Scientific American, March'76)

വിശുദ്ധ ഖുർആനിലെ 21:30 സൂക്തം ഈ ആശയമത്രെ ഊന്നിപ്പറയുന്നത്. ഖഗോളശാസ്ത്രം ഒട്ടും വികസിച്ചിട്ടില്ലാത്തകാലത്ത് ലോകത്തൊരാളും ഇത്തരമൊരു പ്രസ്താവന നടത്താൻ ഒരു സാധ്യതയുമില്ല. സർവജ്ഞനായ ദൈവത്തിൻെറ ബോധനം മുഖേനയല്ലാതെ.

ഉഗ്രസ്ഫോടനമടക്കമുള്ള പ്രതിഭാസങ്ങൾക്ക് പിന്നിലെ യഥാർഥ കാരണത്തെപ്പറ്റി പറയുമ്പോൾ ഭൗതികവാദികൾ സർവജ്നും സർവശക്തനുമായ സംവിധായകനെ തള്ളിപ്പറഞ്ഞുകൊണ്ട് ഇരുട്ടിൽ തപ്പുകയാണ്. എന്നാൽ ഖുർആൻ പ്രാപഞ്ചികപ്രതിഭാസങ്ങളുടെ പിന്നിലെ യഥാർഥശക്തി എന്തെന്ന് സ്പഷ്ടമാക്കുന്നു.

* (1920ൽ പ്രപഞ്ചത്തിൻെറ ഉത്ഭവത്തെയും വികാസത്തെയും സംബന്ധിച്ച് പ്രസക്തമായ നിരീക്ഷണങ്ങൾ നടത്തിയ എഡ്വിൻ പി. ഹബ്ൾ എന്ന ശാസ്ത്രജ്ഞൻെറ പേരിൽ അറിയപ്പെടുന്നതും അനന്തസാന്ദ്രമായ അവസ്ഥക്കുശേഷം പ്രപഞ്ചം പിന്നിട്ട കാലയളവിനെ കുറിക്കുന്നതുമായ ഒരു സമയ പരിണാമമത്രെ ഹബ്ൾ ടൈം)

"സത്യനിഷേധികൾ കണ്ടില്ലേ ഉപരിലോകങ്ങളും ഭൂമിയും ഒട്ടി ച്ചേർന്നതായിരുന്നുവെന്ന്. എന്നിട്ട് നാം അവയെ വേർപ്പെടുത്തി" (വി.ഖു. 21:30).

**നെബുലകൾ ഖുർആനിൽ**

വാതകങ്ങളും സൂക്ഷ്മപദാർത്ഥങ്ങളുമടങ്ങുന്ന ഒരു പുകപടല (Nebula)ത്തിൽനിന്നാണ് നക്ഷത്രങ്ങൾ പിറവിയെടുത്തതെന്നാണ് ആധുനിക ശാസ്ത്രം കരുതുന്നത്. Secrets of Space എന്ന ഗ്രന്ഥ ത്തിൽ Anthony feldman പറയുന്നത് കാണുക:

``The process by which the stars from is probably a kind of condensation. The principal force behind the phenomenon is gravity, operating between the countless molecules of gas and dust motes in the nebula. As an accumulation of matter builds up in particular region of the nebula the begining of a localised gravitational field emerge and the process a accelerates more material being drawn into the region by the gravitational pull of the increasing build up of dust and gas".

മിക്കവാറും ഒരുതരം സാന്ദ്രീകരണ പ്രക്രിയയിലൂടെയാണ് നക്ഷ ത്രങ്ങൾ രൂപംകൊള്ളുന്നത്. ഈ പ്രതിഭാസത്തിന്റെ പിന്നിലുള്ള മുഖ്യശക്തി നെബുലകളിലെ എണ്ണമറ്റ വാതക തന്മാത്രകൾക്കിട യിലും ധൂളീകരണങ്ങൾക്കിടയിലും പ്രവർത്തിക്കുന്ന ഗുരുത്വാകർ ഷണമാകുന്നു. നെബുലയിൽ ഒരു പ്രത്യേക പ്രദേശത്ത് പദാർഥ കേന്ദ്രീകരണം നടക്കുമ്പോൾ പ്രാദേശികമായ ഒരു ഗുരുത്വാകർഷ ണ മേഖല ഉരുത്തിരിയാൻ തുടങ്ങുന്നു. ഈ പ്രക്രിയ ത്വരിതപ്പെടു ന്നതോടെ ആ പ്രദേശത്തേക്ക് കൂടുതൽ പദാർഥം സമാഹരിക്ക പ്പെടുന്നു. ഗുരുത്വാകർഷണബലത്താൽ ധൂളികളുടെയും വാതകങ്ങ ളുടെയും ശേഖരം കൂടികൂടി വരുന്നു". (Secrets of Space P.p. 52 Aldus Books. London)

വിശുദ്ധ ഖുർആൻ 1400 വർഷങ്ങൾക്ക് മുമ്പുതന്നെ ആകാശ ഗോളങ്ങൾ പുകപടലത്തിൽനിന്ന് രൂപം കൊണ്ടതാണെന്ന വസ്തു ത വ്യക്തമാക്കുകയുണ്ടായി.

"അതിന് പുറമെ അവൻ ഉപരിലോകത്തിന്റെ സംവിധാനം നട ത്തി. അത് പുകയായിരുന്നു. അതിനോടും ഭൂമിയോടും അവൻ ആജ്



ഞാപിച്ചു: നിങ്ങൾ രണ്ടും വിധേയത്വത്തോടെയോ അനിച്ഛാപൂർവ കമായോ വരൂ. അവ രണ്ടും പറഞ്ഞു: ഞങ്ങളിതാ വിധേയത്വത്തോ ടെ വന്നിരിക്കുന്നു" (വി.ഖു. 41:11).

ഈ പ്രഖ്യാപനത്തിന് മുമ്പിൽ ശാസ്ത്രം പകച്ചുനിൽക്കുന്നു എന്നതല്ലേ വാസ്തവം?

ശാസ്ത്രാഭ്യാസം പോകട്ടെ, അക്ഷരാഭ്യാസം പോലും നേടിയിട്ടി ല്ലാത്ത മുഹമ്മദ് നബി (സ)യുടെ നാവിലൂടെയാണ് നാം ഈ വാക്കു കൾ കേൾക്കുന്നത്! ഇതെങ്ങനെ സംഭവിച്ചു? ഉത്തരം ലളിതമാണ്. മുഹമ്മദ് നബി (സ) തനിക്ക് ലഭിച്ച ദിവ്യബോധനം ഉരുവിടുക യായിരുന്നു.

**ഭൂമിയുടെ ആകൃതി**

ഭൂമിയുടെ ആകൃതിയെപ്പറ്റി വിശുദ്ധ ഖുർആൻ എന്ത് പറയുന്നു വെന്ന ചോദ്യം പലരും ഉന്നയിക്കാറുണ്ട്. ഖുർആനിലെ ഭൂമി പര ന്നതാണെന്നും മുഹമ്മദ് നബിയുടെ കാലത്ത് ആളുകൾ ധരിച്ചിരു ന്ന അബദ്ധം ഖുർആനിലും കടന്നുകൂടിയിട്ടുണ്ടെന്നും ഖുർആൻ ദൈവികമല്ലെന്നതിന് അതുതന്നെ മതിയായ തെളിവാണെന്നും ചിലർ ഘോഷിക്കാറുണ്ട്.

"ഭൂമിയെ നിങ്ങൾക്കുവേണ്ടി മെത്തയാക്കിയവൻ" (വി.ഖു. 2:22)

"ഭൂമിയെ നാം നീട്ടിയിരിക്കുന്നു" (വി.ഖു. 15:19).

"അല്ലാഹു നിങ്ങൾക്ക് വേണ്ടി ഭൂമിയെ ഒരു വിരിപ്പാക്കിയിരി ക്കുന്നു" (വി.ഖു. 71:19).

എന്നീ വചനങ്ങൾക്ക് ചുറ്റുമാണ് വിമർശനങ്ങൾ കേന്ദ്രീകരിച്ചിട്ടു ള്ളത്.

എന്നാൽ വിശുദ്ധ ഖുർആനിൽ ഭൂമിയെപ്പറ്റി അനേകം സന്ദർഭ ങ്ങളിൽ വൈവിധ്യമാർന്ന വിശദീകരണങ്ങൾ നൽകിയിട്ടുള്ളതിന്റെ ചെറിയൊരു ഭാഗം മാത്രമാണ് ഈ വചനങ്ങളെന്ന കാര്യം വിമർശ കന്മാർ സൗകര്യപൂർവം മറച്ചുവെക്കുന്നു. ചില വചനങ്ങൾ നോക്കൂ:

"അവനാകുന്നു ഭൂമിയെ നിങ്ങൾക്ക് കീഴൊതുങ്ങുന്നതാക്കിയത്. അതിനാൽ അതിന്റെ ചുമലുകളിലൂടെ നിങ്ങൾ നടന്നുകൊള്ളുക" (വി.ഖു. 67:15).

"ഭൂമിയെ നാം തൊട്ടിലാക്കിത്തന്നില്ലേ?" (വി.ഖു. 78:6).

“അല്ലാഹുവാകുന്നു നിങ്ങൾക്ക് ഭൂമിയെ ഒരു ആവാസകേന്ദ്രവും ഉപരിഭാഗത്തെ ഒരു മേൽപുരയുമാക്കിത്തന്നവൻ” (വി.ഖു. 40:64).

ഈ വചനങ്ങളെല്ലാം പരന്ന ഭൂമിയെയാണോ സൂചിപ്പിക്കുന്നത്? തൊട്ടിൽ പരന്നതാണോ? കീഴൊതുക്കപ്പെട്ടതിൻെറ ചുമൽ എന്ന പദപ്രയോഗം നിശ്ചേഷ്ടമായി ചത്തുകിടക്കുന്ന പരന്ന ഭൂമിയെ സൂചിപ്പിക്കുന്നതാണോ? ആണെന്ന് സാമാന്യബുദ്ധിയുള്ളവരാരും പറയുകയില്ല.

വിശുദ്ധ ഖുർആനിൽ ഭൂമിയെയും ആകാശഗോളങ്ങളെയും സംബന്ധിച്ച് പരാമർശിച്ചിട്ടുള്ളത് അല്ലാഹുവിൻെറ അപാരമായ അനുഗ്രഹത്തിൻെറയും അതുല്യമായ കഴിവിൻെറയും തെളിവുകൾ ചൂണ്ടിക്കാണിക്കുന്നതിൻെറ ഭാഗമായിട്ടാണ്. എക്കാലത്തെയും മനുഷ്യർക്ക് അനുഭവവേദ്യമാകുന്നവിധത്തിൽ ഇത് വിവരിക്കുന്നതിനാണല്ലോ പ്രസക്തിയുള്ളത്. ഭൂമി ഒരു ഗോളമാണെങ്കിലും അതിൻെറ ആപേക്ഷികമായി പരന്ന പ്രതലത്തിൻെറ സൗകര്യങ്ങളും സൗഭാഗ്യങ്ങളുമാണല്ലോ മനുഷ്യർ കൂടുതലായി അനുഭവിക്കുന്നത്. കൃഷി ചെയ്യുന്നതും കെട്ടിടങ്ങൾ ഉണ്ടാക്കുന്നതും ഇരിക്കുന്നതും നടക്കുന്നതും കളിക്കുന്നതുമെല്ലാം ഭൂമിയുടെ പ്രതലത്തിൻെറ പരപ്പിലാണല്ലോ. മറ്റൊരുവിധത്തിൽ പറഞ്ഞാൽ അല്ലാഹു മനുഷ്യന് നൽകിയ അനുഗ്രഹങ്ങളിലധികവും ആപേക്ഷികമായി പരപ്പുള്ള ഭൂമിയിൽവെച്ചാണ് അവൻ അനുഭവിക്കുന്നത്. അതിനാൽ ഇക്കാര്യം മനുഷ്യനെ ഓർമിപ്പിക്കുന്നതിന് വേണ്ടത്ര പ്രസക്തിയുണ്ട്.

ഭൂമിയുടെ ഗോളാകൃതിയുമായി ബന്ധപ്പെട്ട് എല്ലാവർക്കും അനുഭവവേദ്യമാകുന്ന കാര്യം രാവും പകലും മാറിമാറി വരുന്നതാണ്. ഇതുസംബന്ധിച്ച വിശുദ്ധ ഖുർആനിലെ പരാമർശം ഗോളാകൃതിയെ സൂചിപ്പിക്കുന്ന വിധത്തിൽതന്നെയാകുന്നു.

“ആകാശങ്ങളെയും ഭൂമിയെയും അവൻ യാഥാർഥ്യപൂർവം സൃഷ്ടിച്ചിരിക്കുന്നു. രാത്രിയെ അവൻ പകലിന്മേൽ ചുറ്റിക്കുന്നു. പകലിനെ രാത്രിയിന്മേലും ചുറ്റിക്കുന്നു. സൂര്യനെയും ചന്ദ്രനെയും അവൻ നിയന്ത്രണവിധേയമാക്കുകയും ചെയ്തിരിക്കുന്നു. എല്ലാം നിശ്ചിതമായ പരിധിവരെ സഞ്ചരിക്കുന്നു. അറിയുക. അവനത്രെ പ്രതാപിയും ഏറെ പൊറുക്കുന്നവനും” (വി.ഖു. 39:5).

പ്രകാശവും ഇരുട്ടും ഒരു ഗോളത്തിന്മേൽ കറങ്ങിക്കൊണ്ടിരിക്കുന്ന ദൃശ്യമാണ് ഈ വചനത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. ഭൂമി പരന്നതാണെന്ന സങ്കൽപമനുസരിച്ച് രാവും പകലും ചുറ്റിക്കറങ്ങി വരുക എന്നത് അചിന്ത്യമാണല്ലോ. ഉദയാസ്തമയങ്ങളെ സംബന്ധിച്ച വിശുദ്ധ ഖുർആനിലെ പരാമർശങ്ങളും ഗോളാകൃതിയെ സൂചിപ്പിക്കുന്നതുതന്നെയാകുന്നു.



“ഉദയസ്ഥാനത്തിൻെറയും അസ്തമനസ്ഥാനത്തിൻെറയും നാഥൻ. അവനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ ഭാരമേൽപ്പിക്കപ്പെടേണ്ടവനായി അവനെ നീ സ്വീകരിക്കുക” (വി.ഖു. 73:9).

“രണ്ട് ഉദയസ്ഥാനങ്ങളുടെയും രണ്ട് അസ്തമയസ്ഥാനങ്ങളുടെയും നാഥൻ” (വി.ഖു. 55:17).

“എന്നാൽ (അനേകം) ഉദയസ്ഥാനങ്ങളുടെയും അസ്തമയസ്ഥാനങ്ങളുടെയും രക്ഷിതാവിൻെറ പേരിൽ ഞാൻ സത്യം ചെയ്ത് പറയുന്നു. അവരെക്കാൾ നല്ലവരെ പകരം കൊണ്ടുവരാൻ തീർച്ചയായും നാം കഴിവുള്ളവനാണെന്ന്” (വി.ഖു. 70:40).

ഒരു സ്ഥിരമായ സ്ഥാനത്തുനിന്ന് ഉദയവും അസ്തമനവും നിരീക്ഷിക്കുന്ന വ്യക്തിക്ക് തൻെറ സ്ഥാനത്തുനിന്ന് നിശ്ചിതദൂരമുള്ള ചക്രവാളങ്ങളാണ് ഉദയാസ്തമയസ്ഥാനങ്ങളായി അനുഭവപ്പെടുന്നത്. എന്നാൽ രണ്ട് അർദ്ധഗോളങ്ങളിലെ രണ്ട് നിശ്ചിതസ്ഥാനങ്ങളിൽനിന്ന് നിരീക്ഷിക്കുന്ന വ്യക്തികൾക്ക് രണ്ടുവീതം ഉദയാസ്തമനസ്ഥാനങ്ങൾ ഉള്ളതായി അനുഭവപ്പെടുന്നു. ഭൂമിയുടെ വിവിധ ഭാഗങ്ങളിലെ വ്യത്യസ്ത സ്ഥാനങ്ങളിൽനിന്ന് അനേകം വ്യക്തികൾ നിരീക്ഷിക്കുന്നപക്ഷം അവർക്ക് അനേകം ഉദയാസ്തമനസ്ഥാനങ്ങൾ ഉള്ളതായി അനുഭവപ്പെടും. ഭൂമി പരന്നതാണെന്ന സങ്കൽപപ്രകാരം ഉദയാസ്തമനസ്ഥാനങ്ങളുടെ ഈ വിധത്തിലുള്ള വൈവിധ്യത്തിന് പ്രസക്തിയില്ലല്ലോ.

ഇനിയും പലരുടെയും സംശയങ്ങൾ അവശേഷിച്ചേക്കും. രണ്ടാം തരത്തിലെ പാഠപുസ്തകത്തിൽ പറയുന്ന അതേ ശൈലിയിൽ കുട്ടികളേ ഭൂമി ഉരുണ്ടതാകുന്നു എന്ന് പടച്ചവന് പറഞ്ഞുകൂടായിരുന്നോ എന്നായിരിക്കും ചിലരുടെ സംശയം. ഇന്നും ഒരു കടംകഥയായി തുടരുന്ന ഭൂഗർഭത്തെപ്പറ്റി കൃത്യമായ വിവരങ്ങൾ ഖുർആനിലൂടെ നൽകിക്കൂടേ എന്നും ചോദ്യമുയരാം. മനുഷ്യന് സ്വയം കണ്ടെത്താൻ കഴിയുന്ന ഭൗതികവിജ്ഞാനങ്ങൾ ജനമധ്യത്തിൽ എത്തിക്കുക

എന്നതല്ല പ്രത്യുത ഭൗതികപാണ്ഡിത്യവും വിഭവശേഷിയും എല്ലാം ഉണ്ടായിട്ടും ധാർമികമായി അധഃപതിച്ച് പോകുന്ന മനുഷ്യർക്ക് നേർ വഴി കാണിക്കുകയാണ് വിശുദ്ധ ഖുർആനിൻെറ ദൗത്യം എന്ന കാര്യം വിസ്മരിക്കാതെയാകണം ഖുർആനിക ദൃഷ്ടാന്തങ്ങളെ വിശ കലനം ചെയ്യുന്നത്.

മുഴുവൻ നക്ഷത്രങ്ങൾക്കും ഗ്രഹങ്ങൾക്കും ഉപഗ്രഹങ്ങൾക്കും ഗോളാകൃതി നൽകിയ പ്രപഞ്ചനാഥനെ സംബന്ധിച്ചെടുത്തോളം ഭൂമിയുടെ ഗോളാകൃതി പ്രത്യേകം എടുത്തുപറയേണ്ട ഒരു വിഷയ മല്ലല്ലോ. ഒരു ഖഗോളശാസ്ത്രജ്ഞനെ സംബന്ധിച്ചിടത്തോളവും ഭൂമിയുടെ ഗോളാകൃതി വിസ്മയാവഹമായ ഒരു പ്രതിഭാസമൊന്നു മല്ല. എന്നാൽ ഭൂമിയിൽ മാത്രം പ്രപഞ്ചനാഥൻ സംവിധാനിച്ച സവി ശേഷ സൗകര്യങ്ങൾ എല്ലാവരുടെയും ചിന്തക്ക് വിഷയീഭവിക്കേ ണ്ടതാണ്. മനുഷ്യജീവിതം ആ സൗകര്യങ്ങളുടെ അഭാവത്തിൽ അസാധ്യമായിരിക്കും. അതുകൊണ്ടുതന്നെ അവ ഒരുക്കിത്തന്ന സ്രഷ്ടാവിന് മനുഷ്യൻ എത്ര നന്ദി രേഖപ്പെടുത്തിയാലും മതിയാകി ല്ല. ഈ രംഗത്താണ് ഖുർആൻ ഊന്നൽ നൽകുന്നത്.

**ഭൂമിയുടെ സവിശേഷതകൾ**

ഭൂമിയെ മറ്റ് ഗ്രഹങ്ങളിൽനിന്ന് വ്യത്യസ്തമാക്കി നിർത്തുന്ന സവി ശേഷതകൾ എന്തൊക്കെയാണ്?

“സംരക്ഷിതമായ മേൽപ്പുര” (വി.ഖു. 21:33) എന്ന് വിശുദ്ധ ഖുർ ആൻ വിശേഷിപ്പിക്കുന്ന അന്തരീക്ഷ മേലാപ്പ് മുഖേന ഭൂമിയിൽ ജീവിതം സംരക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നതാണ് ഭൂമിയുടെ മൗലി കമായ സവിശേഷതകളിലൊന്ന്. മറ്റ് ഗ്രഹങ്ങളിലോ ചന്ദ്രനിലോ അത്തരമൊരു സാഹചര്യമില്ല. പ്രാണവായുവിൻെറ അഭാവം, മാര കമായ വികിരണങ്ങൾ, ഉൽക്കകൾ എല്ലാം ചേർന്ന് മറ്റ് ഗ്രഹങ്ങ ളിൽ ജീവിതം അസാധ്യമാക്കുമ്പോൾ അനിതരമായ അന്തരീക്ഷമ ണ്ഡലം ബാഹ്യപ്രപഞ്ചത്തിൽനിന്ന് വരുന്ന വിപത്തുകളെ തട ഞ്ഞുനിർത്തി ഭൂമിയെ സംരക്ഷിക്കുന്നു; പ്രാണവായു മുഖേന ജീവൻ നിലനിർത്തുന്നു.

Secrets of Space എന്ന ഗ്രന്ഥത്തിൽ Anthony feldman പറയുന്നു:

The atmosphere performs two vital roles, It provides an ocean of air that enables living creatures to breath and it also acts as a shield



against some of the worst hazards of space.

Although everyone can immediatly appreciate the importance of air to breath it is more difficult to imagine the canopy of atmosphere as an important roof of over people's heads. But at every moment the atmosphere is sheilding us from lethal radiation from the Sun.

“അന്തരീക്ഷത്തിന് നിർണായകമായ രണ്ട് ധർമങ്ങൾ നിർവഹി ക്കാനുണ്ട്. ജീവികളുടെ ശ്വാസോച്ഛ്വാസത്തിനായി അത് വായുവി ൻെറ ഒരു സമുദ്രം തന്നെ ഒരുക്കുന്നു. അതിന് പുറമെ ബാഹ്യാകാ ശത്തിലെ ചില കൊടുംദുരന്തങ്ങളിൽനിന്ന് കാത്തുരക്ഷിക്കുന്ന ഒരു കവചമായും അത് പ്രവർത്തിക്കുന്നു.

“ശ്വസിക്കാനുള്ള വായുവിൻെറ പ്രാധാന്യം ഏതൊരാൾക്കും പെ ട്ടെന്ന് മനസിലാകുമെങ്കിലും ജനങ്ങളുടെ തലക്ക് മീതെ നിലകൊ ള്ളുന്ന അത്യന്തം പ്രാധാന്യമുള്ള ഒരു മേൽപ്പുര എന്ന നിലയിൽ അന്തരീക്ഷമേലാപ്പിനെ വിഭാവനം ചെയ്യാൻ പ്രയാസം തോന്നിയേ ക്കാം. എന്നാൽ ഓരോ നിമിഷത്തിലും സൂര്യനിൽനിന്നുള്ള മാരക മായ വികിരണങ്ങൾക്കെതിരെ അന്തരീക്ഷം നമുക്കൊരു കവചമായി വർത്തിക്കുന്നു”. (Secrets of Space-Aldus Books London P.O.86)

**ഭൂമിയെന്ന മെത്ത**

“ഭൂമിയെ നിങ്ങൾക്ക് മെത്തയാക്കിത്തന്നിരിക്കുന്നു” (2:22) എന്ന വചനത്തെയും ആധുനികനിഗമനങ്ങളുടെ വെളിച്ചത്തിലാണ് വില യിരുത്തേണ്ടത്. മാരകമായ രശ്മികളേൽക്കാതെ, ഉൽക്കാനിപാത ത്തെ ഭയപ്പെടാതെ, ഒരു ഓക്സിജൻ സിലിണ്ടർ കൂടെകൊണ്ടുപോ കാതെ, ഭാരസന്തുലനം നിലനിർത്തിക്കൊണ്ട്, നിയന്ത്രിതമായ ഊഷ് മാവിൽ മലർന്നുകിടന്ന് ഒന്ന് വിശ്രമിക്കാനുള്ള പ്രകൃതിദത്തമായ മെത്ത സൗരയൂഥത്തിൽ ഭൂമുഖത്ത് മാത്രമാണുള്ളത്. ഭൂമി ജീവജാ ലങ്ങൾക്ക് വസതിയായും വിശ്രമസ്ഥലമായും സംവിധാനിക്കപ്പെ ട്ടപ്പോൾ എത്രമാത്രം കണിശമായ പരിസ്ഥിതി നിയന്ത്രണങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് ശാസ്ത്രം ഇപ്പോഴും വിലയിരുത്തിക്കൊ ണ്ടിരിക്കുകയാണ്.

**വെള്ളം, വെള്ളം സർവ്വത്ര, പക്ഷേ........**

വായുപോലെ തന്നെ നമുക്ക് പരിചിതമാണ് വെള്ളവും. എന്നാൽ

പ്രപഞ്ചത്തിലെ അതുല്യമായ യൗഗികളിലൊന്നാണ് വെള്ളം. നമ്മുടെ തലക്ക് മുകളിൽ മഴയായി ചൊരിയുന്ന, ജലാശയങ്ങളിൽ സംഭരിക്കാവുന്ന വെള്ളം ഇല്ലായിരുന്നെങ്കിൽ ഈ ഭൂമിയിൽ ജീവൻ നിലനിൽക്കില്ലായിരുന്നു. ദ്രവമായും ഖരമായും വാതകമായും മാറി ജീവജാലങ്ങളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്ന കാലാവസ്ഥയെ ആകെ നിയന്ത്രിക്കുന്ന സ്വാഭാവിക വാതാനുകൂലത്തിന് സഹായിക്കുന്ന Water Cycle അഥവാ ജലചക്രം എങ്ങനെ നിയന്ത്രിക്കപ്പെടുന്നു? ഇന്നും ഉത്തരംകിട്ടാത്ത സമസ്യയാണ് കാലാവസ്ഥയുടെ ഗതിവിഗതികൾ. 'ഭൂമിയെ മനുഷ്യൻെറ കളിത്തൊട്ടിലാക്കുന്നതിൽ' (വി.ഖു. 78:6) മുഖ്യ പങ്കുവഹിക്കുന്ന ഒരു ഘടകമത്രെ വെള്ളം. അതിനെപ്പറ്റി വിശുദ്ധ ഖുർആൻ പറയുന്നു:"അല്ലാഹുവാണ് അവൻെറ കാരുണ്യത്തിൻെറ മുന്നോടിയായി കാറ്റുകളെ അയക്കുന്നവൻ. ഒടുവിൽ ജലഭാരം തിങ്ങുന്ന മേഘത്തെ അവ വഹിക്കുമ്പോൾ മൃതപ്രായമായ ഒരു പ്രദേശത്തേക്ക് അതിനെ നാം നയിക്കുകയും അങ്ങനെ അതുമൂലം നാം വെള്ളം ചൊരിയുകയും എല്ലാത്തരം കായ്കനികളും നാം അതുമൂലം ഉൽപാദിപ്പിക്കുകയും ചെയ്യുന്നു. അപ്രകാരമാണ് മരിച്ചവരെയും നാം പുറത്തുകൊണ്ടുവരുന്നത്. നിങ്ങൾ സ്മരിക്കുന്നവരായെങ്കിൽ" (7:57).

കാലവർഷക്കാറ്റ്, മഴ, നദികൾ, സമുദ്രങ്ങൾ ഇവയെല്ലാംകൊണ്ട് അനുഗ്രഹീതമായ ഒരേയൊരു ഗ്രഹം ഭൂമിയാണ്. ബുധഗ്രഹത്തിൽ അന്തരീക്ഷമേ ഇല്ല. ശുക്രനിൽ അന്തരീക്ഷമുണ്ടെങ്കിലും അത് കാർബൺ, സൾഫർ ഓക്സൈഡുകളുടെ ഒരു മിശ്രിതം മാത്രമത്രെ. ചൊവ്വയുടെ അന്തരീക്ഷത്തിൽ ജലാംശമുണ്ടെങ്കിലും അവിടെയും ജലചക്രം രൂപംകൊണ്ടിട്ടില്ല. വ്യാഴത്തിൽ ഹൈഡ്രോസൾഫൈഡിൻെറയും അമോണിയം ക്രിസ്റ്റലുകളുടെയും ഹൈഡ്രജൻെറയും കൂടെ ഹിമകണങ്ങളുണ്ടെങ്കിലും മഴയും ജലാശയങ്ങളുമില്ല. ഹിമകവചത്തിൽ പൊതിഞ്ഞുകിടക്കുന്ന യൂറാനസിൻെറയും നെപ്റ്റ്യൂണിൻെറയും അന്തരീക്ഷത്തിൽ മീതെയ്നാണുള്ളത്.

കാറ്റിനെയും മഴയെയും ഭൂഗർഭജലത്തെയും പറ്റി വ്യക്തമായ കാഴ്ചപ്പാട് സമീപനൂറ്റാണ്ടുകൾവരെ ശാസ്ത്രത്തിനുണ്ടായിരുന്നില്ല. ഖുർആൻെറ അവതരണകാലത്തെ അറബികൾക്ക് ശാസ്ത്രത്തിൻെറ ബാലപാഠങ്ങൾ പോലും അറിയുമായിരുന്നില്ല. ആ നിലക്ക് ഈ കാര്യങ്ങളെപ്പറ്റി ആധുനിക നിഗമനങ്ങളുമായി യോജിക്കുന്ന പ്രതി



പാദനങ്ങളാണ് ഖുർആനിലുള്ളത് എന്ന കാര്യം ഖുർആൻെറ ദൈവികതക്ക് സാക്ഷ്യം വഹിക്കുന്നു. കാറ്റ്, കാർമേഘം, ഇടിയും മിന്നലും, മഴ, ഭൂഗർഭജലം ഇവയെ ഒരു ചാക്രികപ്രക്രിയയുടെ ഭാഗങ്ങളായി വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്നു.

ഭൂമിയിലെ പ്രത്യേക താപനിലയാണ് മറ്റൊരു നിർണായക ഘടകം. അന്യഗ്രഹങ്ങളിൽനിന്നുമാത്രമല്ല, ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രനിൽനിന്നുപോലും വ്യത്യസ്തമായി ഭൂമിയുടെ ഉപരിതലത്തിന് സന്തുലിതമായ ഊഷ്മാവ് നൽകപ്പെട്ടിരിക്കുന്നു. അന്തരീക്ഷത്തിലെയും ഭൂഗർഭത്തിലെയും സവിശേഷ സാഹചര്യങ്ങളാണ് ഇതിന് സഹായിക്കുന്നത്. തണുത്തുറയുകയോ ചുട്ടെരിയുകയോ ചെയ്യാത്ത ഊഷ്മളമായ ഒരു മെത്തയത്രെ ഈ അർഥത്തിൽ ഭൂതലം. രാത്രികാലങ്ങളിൽ ചന്ദ്രോപരിതലത്തിലെ താപം ഗണ്യമായി കുറയുമ്പോൾ ഭൂമിയിൽ അങ്ങനെ സംഭവിക്കുന്നില്ല. ഭൂഗർഭതാപം ഉപരിതലത്തിലേക്ക് നേരിയ തോതിൽ സംക്രമിക്കുന്നതാണ് ഇതിന് കാരണം. പകൽ സമയത്ത് അന്തരീക്ഷപാളികൾ സൂര്യരശ്മികളെ അരിച്ചെടുത്ത് ശുദ്ധീകരിക്കുകയും മെരുക്കിയെടുത്ത് പാകപ്പെടുത്തുകയും ചെയ്യുന്നു.

സൂര്യനുമായുള്ള അകലത്തിൽ ഭൂമിയുടേതിൽനിന്നും വളരെയൊന്നും ഭിന്നമല്ലാത്ത സ്ഥാനമാണ് ചന്ദ്രൻേറത്. പക്ഷേ, ചന്ദ്രോപരിതലം ഒരിക്കലും ജീവജാലങ്ങൾക്ക് മെത്തയൊരുക്കുകയില്ലെന്നാണ് എല്ലാ ശാസ്ത്രനിഗമനങ്ങളും ചൂണ്ടിക്കാണിക്കുന്നത്. വെള്ളമില്ലാത്ത, കാന്തവലയം ദുർബലമായ ചന്ദ്രോപഗ്രഹം താപനിലയിലും ഭൂമിയിൽനിന്ന് വളരെ ഭിന്നമാണ്.

ചന്ദ്രൻെറ മധ്യരേഖാപ്രദേശത്ത് നട്ടുച്ചസമയത്തെ താപം ഏകദേശം 134°Cയും അർദ്ധരാത്രിയിൽ 153°Cയും ആകുന്നു. അതെ പൊരിയുന്ന ഉച്ചയും തണുത്തുറയുന്ന രാത്രിയും. ടൈം അറ്റ്ലസ് രേഖപ്പെടുത്തുന്നത് കാണുക:

That the Earth and Moon are very different world is beyond doubt. But how they evolved so differently is still a matter for conjecture (Time Atlas 6th Edn. 1980)

"ഭൂമിയും ചന്ദ്രനും വളരെ വിഭിന്നമായ ലോകങ്ങളാകുന്നു എന്ന വസ്തുത സംശയാതീതമത്രെ. പക്ഷെ, ഇത്രയും വ്യത്യാസമുള്ള

തായി അവ എങ്ങനെ പരിണമിച്ചു എന്ന വിഷയത്തെ പറ്റി ഇപ്പോഴും ഊഹിക്കാനേ കഴിയൂ".

**പർവതങ്ങൾ ഭൂമിയുടെ ആണികൾ**

"നാം ഭൂമിയെ തൊട്ടിലും പർവ്വതങ്ങളെ ആണികളുമാക്കിയില്ലേ?" (വി.ഖു. 78:7)

പുരാതന അറബികൾക്കോ മറ്റ് ജനവിഭാഗങ്ങൾക്കോ പർവത ങ്ങൾ ഭൂമിയുടെ ആണികളാണെന്ന ധാരണ ഉണ്ടായിരുന്നില്ല. അവ രുടെ കൃതികളിലൊന്നും പർവതത്തെപറ്റി അങ്ങനെയൊരു വീക്ഷ ണം കാണപ്പെടുന്നില്ല. അതുകൊണ്ട് തന്നെ ഉപര്യുക്ത ഖുർആൻ സൂക്തത്തെ ശാസ്ത്രീയാടിസ്ഥാനമില്ലാത്ത ഒരു പ്രസ്താവമായി പലരും ചിത്രീകരിച്ചിട്ടുണ്ട്.

എന്നാൽ ഭൂഗർഭശാസ്ത്ര രംഗത്തെ ആധുനിക ഗവേഷണങ്ങൾ തെളിയിക്കുന്നത് പർവതങ്ങൾ ഭൂമിയെ സംബന്ധിച്ചിടത്തോളം ഏതർഥത്തിലും ആണികളാണെന്നാണ്.

ഭൂഗർഭശാസ്ത്രത്തിലെ ഒരു ആധികാരിക ഗ്രന്ഥത്തിൽ രേഖപ്പെ ടുത്തിയത് നോക്കുക:

The failure of certain earth quake waves to pass beneath huge granitic ranges and reduced attraction of gravity near such mountain masses suggest that those mountains reach down to considerable depths-having roots as it were, in the underlying basalt like an iceberg's their submerged part is greater than their exposed parts. The granitic zone under mountains may be as much as four times as thick as it is under plains.

(Geolog Richard M. pearl 3rd Edn 1966 published by Barnes & noble. Newyork)

"കനത്ത കരിമ്പാറകളുള്ള മേഖലകൾക്കിടയിലൂടെ ഭൂകമ്പ തരം ഗങ്ങൾക്ക് കടന്നുപോകാൻ കഴിയുന്നില്ല എന്നതും അത്തരം പർവ തഭാഗങ്ങൾക്കടുത്ത് ഗുരുത്വാകർഷണം കുറയുന്നുവെന്നതും സൂചി പ്പിക്കുന്നത് ആ പർവതങ്ങൾ ഗണ്യമായ അളവിൽ ഉള്ളിലേക്ക് ആണ്ടുകിടക്കുന്നുവെന്നാണ് അഥവാ അടിയിൽ സ്ഥിതിചെയ്യുന്ന ബസാൾട്ടിൽ ചെറ്റുമുട്ടുന്ന വേരുകൾ അവയ്ക്കുണ്ടെന്നാണ്. ഒരു ഐസ് ബർഗിൻെറ (ഹിമാനിയുടെ) പൊങ്ങിക്കാണുന്ന ഭാഗത്തേ



ക്കാൾ എത്രയോ വലുതായിരിക്കും മുങ്ങിക്കിടക്കുന്ന ഭാഗമെന്ന പോലെ പർവതങ്ങൾക്ക് കീഴിലുള്ള കരിമ്പാറ മേഖല സമതലങ്ങൾ ക്ക് കീഴെയുള്ളതിൻെറ നാലിരട്ടിയോളം കനമുള്ളതായിരിക്കും".

ഭൂമിയുടെ സന്തുലിതത്വത്തിൽ പർവതങ്ങൾക്കുള്ള പങ്കാണ് വിശുദ്ധ ഖുർആൻ ദൈവികദൃഷ്ടാന്തമെന്ന നിലയിൽ ചൂണ്ടിക്കാ ണിക്കുന്ന മറ്റൊരു കാര്യം. ഇന്നും അപക്വമതികളായ വിമർശക ന്മാർ തള്ളിപ്പറയാറുള്ള ഈ ദൈവികദൃഷ്ടാന്തത്തെ സാക്ഷ്യപ്പെ ടുതുന്ന വിധത്തിലാണ് ആധുനിക ഗവേഷണങ്ങൾ നീങ്ങുന്നത്.

"ഭൂമിയിൽ നാം ഉറച്ചുനിൽക്കുന്ന പർവതങ്ങളുണ്ടാക്കിയിരിക്കു ന്നു. ഭൂമി അവരെയും കൊണ്ട് നീങ്ങിപ്പോകാതിരിക്കാൻ" (വി.ഖു. 21:31).

മറ്റ് അനേകം വാക്യങ്ങളിലും പർവതങ്ങൾ നൽകുന്ന സുസ്ഥി രത ഖുർആൻ ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഭൂകമ്പതരംഗങ്ങളെയും ഭൂഭാഗഭ്രംശങ്ങളെയും ഭൂഗർഭചലനങ്ങ ളെയും പറ്റിയുള്ള ആധുനികപഠനങ്ങൾ വിശുദ്ധ ഖുർആനിൻെറ അവതരണകാലത്ത് ലോകത്തിന് അജ്ഞാതമായിരുന്ന ധാരാളം വസ്തുതകൾ വെളിച്ചത്ത് കൊണ്ടുവന്നിട്ടുണ്ട്. അവയിൽ പലതും പർവതങ്ങളെപ്പറ്റിയുള്ള ഖുർആനിക പരാമർശങ്ങളുടെ സത്യത യിലേക്ക് വിരൽ ചൂണ്ടുന്നതത്രെ.

ഭൂകമ്പതരംഗങ്ങളുടെ വേഗതയെ നിയന്ത്രിച്ചുകൊണ്ടും, ഭൂഗോ ളത്തിൻെറ ആന്തരികവും ബാഹ്യവുമായ ഘടന പരിരക്ഷിക്കുന്ന തിൽ പർവതങ്ങൾ വഹിക്കുന്ന പങ്ക് ഭൂഗർഭശാസ്ത്രം ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇന്ന് സൂക്ഷ്മമായി വില യിരുത്തിക്കൊണ്ടിരിക്കുകയാണ്. ദിവ്യദർശനത്തിൻെറ അഭാവത്തിൽ 1400 വർഷംമുമ്പ് ഒരു വ്യക്തിക്ക് ഈ വിഷയം പരാമർശിക്കാൻ കഴിയുമായിരുന്നില്ല.

**ഭൂഗോളം ഖുർആനിൽ**

ഗലീലിയോ ഗലീലിയാണ് ഭൂമി ഉരുണ്ടതാണെന്ന് പ്രസ്താവിച്ച ആദ്യവ്യക്തിയെന്നും അദ്ദേഹത്തിന് മുമ്പ് എല്ലാവരും ധരിച്ചിരുന്ന ത് ഭൂമി പരന്നതാണെന്നുമായിരുന്നുവെന്നും പലരും ഒഴുക്കൻമട്ടിൽ പറയാറുണ്ട്. ഖുർആനിൽ പരന്ന ഭൂമിയെപ്പറ്റിയാണ് പറഞ്ഞിട്ടുള്ള തെന്നും മുസ്ലിംകളൊക്കെ ഭൂമി പരന്നതാണെന്നായിരുന്നു ധരി

ച്ചിരുന്നതെന്നും ഇസ്‌ലാം വിരുദ്ധർ പറഞ്ഞുനടക്കാറുണ്ട്. ഇക്കൂട്ടർ വിശുദ്ധ ഖുർആനെപ്പറ്റിയും മുസ്‌ലിം ചരിത്രത്തെപ്പറ്റിയും അജ്ഞരാണെന്ന് മാത്രമല്ല, പൊതുവിജ്ഞാനത്തിൽപോലും പരിതാപകരമാംവിധം പിന്നോക്കമാണെന്നാണ് തെളിയിക്കുന്നത്.

സഹസ്രാബ്ദങ്ങൾക്ക് മുമ്പുതന്നെ ഈജിപ്റ്റുകാരും റോമാക്കാരും മറ്റും 365¹/4 ദിവസമുള്ള സൗരവർഷം ഗണിച്ചിരുന്നുവെന്ന് ചരിത്രത്തിൻെറ ബാലപാഠമെങ്കിലും പഠിച്ചവർക്കൊക്കെ അറിയാം. കുറെ പ്രാവശ്യം നൈൽ നദിയിൽ പരമാവധി വെള്ളം കയറുന്ന ദിവസങ്ങൾ നിരീക്ഷിച്ചിട്ട് അത്തരം രണ്ട് ദിവസങ്ങൾ തമ്മിലുള്ള അകലം കണക്കാക്കി അതിൻെറ ശരാശരി ഗണിച്ചിട്ടാണ് 365¹/4 എന്ന ഉത്തരം കിട്ടിയതെന്ന് ഭൗതികവാദിയായ ഒരു നരവംശ ശാസ്ത്രജ്ഞൻ രേഖപ്പെടുത്തിക്കണ്ടു. ജൂലിയൻ കലണ്ടർ രൂപംകൊണ്ടത് എവിടെ വെള്ളം കയറിയതിൻെറ കണക്കുനോക്കിയിട്ടാണെന്ന് ആരും എവിടെയും എഴുതിക്കണ്ടില്ല. ഭൂമി സൂര്യന് ചുറ്റും ഒരു പ്രദക്ഷിണം പൂർത്തിയാക്കാനെടുക്കുന്ന സമയത്തിന് തുല്യമായ ഒരുവർഷം കണിശമായി ഗണിച്ചവർ പായ പോലെയോ പപ്പടം പോലെയോ ഉള്ള ഭൂമിയെ മനസിൽ കണ്ടുകൊണ്ടാണ് അങ്ങനെ ചെയ്തതെന്ന് വാദിക്കാൻ നിഷ്പക്ഷമതികൾക്ക് സാധ്യമല്ല. ഗലീലിയോ പിറക്കുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ മുസ്‌ലിംശാസ്ത്രജ്ഞന്മാരും മതപണ്ഡിതന്മാരും ഭൂമിയുടെ ഗോളാകൃതിയെപ്പറ്റി രേഖപ്പെടുത്തിയിട്ടുണ്ട്.

Any how, the fact of the earth being a sphere of very small dimensions in comparison to the size of the universe was accepted without a position by every Arabian Scholar, and the very first scientific work undertaken after the vise of Astronomy among them was a determination of the size of the earth. It was carried out by order of Khalif Al-Mamoon in the plane Palmyra according to the account given by Ibn Junus that the length of a degree was measured by two observers between Wamia and Tadmoor and by two others in another locality we are not tole where. The first measure given a degree equal to 57, and second one equal to 56.25 Arabian milesof 4000 black cubits, and the approximate mean 365²/3 miles was adopted as the final research. The cricumference of the earth being 20400 miles and the diameter 6500 miles.



(A History of Astronomy from Thales to Kepler by Ile Dreyar. 2nd Edn.Dover Publication, New york)

“പ്രപഞ്ചവുമായി തുലനം ചെയ്യുമ്പോൾ വളരെ ചെറിയ പരിമാണം മാത്രമുള്ള ഒരു ഗോളമാണ് ഭൂമിയെന്ന വസ്തുത ഏതോ വിധത്തിൽ അറേബ്യൻ പണ്ഡിതന്മാർക്കിടയിൽ അനിഷേധ്യമായ സ്വീകാര്യത നേടിക്കഴിഞ്ഞിരുന്നു. അവർക്കിടയിൽ ജ്യോതിശാസ്ത്രത്തിൻെറ ഉദ്ഗതിയെതുടർന്ന് ആദ്യമായി നടത്തപ്പെട്ട ശാസ്ത്രീയ സംരംഭം ഭൂമിയുടെ വലിപ്പം നിർണയിക്കുകയായിരുന്നു. പാൽമിറാ സമതലത്തിൽ ഖലീഫാ മാമൂൻെറ ഉത്തരവ് പ്രകാരമാണ് അത് നടന്നത്. ഇബ്നുയൂനുസ് നൽകിയിട്ടുള്ള വിവരങ്ങളനുസരിച്ച് അന്ന് നാല് നിരീക്ഷകന്മാർ ചേർന്ന് ഒരു ഡിഗ്രിയുടെ ദൈർഘ്യം അളക്കുകയാണ് ചെയ്തത്. രണ്ടുപേർ വാമിയ്ക്കും തദ്മൂറിനും ഇടക്കും, മറ്റ് രണ്ടുപേർ രേഖപ്പെടുത്തപ്പെട്ടിട്ടില്ലാത്ത മറ്റൊരു മേഖലയിലുമാണ് അളവുകളെടുത്തത്. ആദ്യം കിട്ടിയ അളവനുസരിച്ച് ഒരു ഡിഗ്രി 57 അറേബ്യൻ നാഴികക്ക് തുല്യമായിരുന്നു. രണ്ടാമത് കിട്ടിയ അളവനുസരിച്ച് 56.25നാഴികയും. 4000മുഴമത്രെ ഒരു അറേബ്യൻ നാഴിക. അന്തിമ വിശകലനത്തിൽ രണ്ട് അളവുകളുടെയും കൂടി ഏകദേശ ശരാശരി 365¹/3 നാഴിക ഒരു ഡിഗ്രിയുടെ ദൈർഘ്യമായി അംഗീകരിക്കപ്പെടുന്നു. അങ്ങനെ ഭൂമിയുടെ ചുറ്റളവ് 20400 നാഴികയായും വ്യാസം 6500 നാഴികയായും ഗണിക്കപ്പെട്ടു” (ജ്യോതിശാസ്ത്ര ചരിത്രം തെയ്ൽസ് മുതൽ കെപ്ലർ വരെ).

ഭൂമിയെ ഒരു ഗോളമായി കണ്ടുകൊണ്ട് ഇസ്‌ലാമിൻെറ പ്രഭാവകാലത്ത് (കോപ്പർ നിക്കസും ഗലീലിയോയും ജനിക്കുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പ്) നടത്തപ്പെട്ട നിരീക്ഷണ ഗവേഷണങ്ങളുടെ ചെറിയൊരംശം മാത്രമാണ് ഈ ഉദ്ധരണിയിൽ ചൂണ്ടിക്കാണിക്കപ്പെട്ടത്. വിശുദ്ധ ഖുർആനിൻെറ ദൈവികതയിൽ പൂർണമായി വിശ്വാസമർപ്പിച്ചിരുന്നവർ തന്നെയായിരുന്നു ഈ ഗവേഷണങ്ങളിലേർപ്പെട്ടിരുന്നത്. ഭൂമി ഗോളാകൃതിയായിരിക്കുക എന്നത് ഖുർആന് വിരുദ്ധമാണെന്ന് അവരോ അവരുടെ സമകാലികരായ മുസ്‌ലിം പണ്ഡിതന്മാരോ നിരൂപിക്കുകപോലും ചെയ്തിട്ടില്ല.

തന്നെയുമല്ല സൂര്യചന്ദ്രന്മാരെയും രാപ്പകലുകളെയും പറ്റി പ്രതിപാദിക്കുന്ന സന്ദർഭങ്ങളിൽ വിശുദ്ധ ഖുർആൻ സ്വീകരിച്ചിട്ടുള്ള ശൈലി വ്യക്തമായും ഗോളാകൃതിയെ കുറിക്കുന്നതാണെന്ന കാര്യ

ത്തിൽ മുസ്ലിം സമുദായത്തിലെ പ്രമുഖ പണ്ഡിതന്മാർക്ക് തർക്കമില്ലെന്ന് മാസപ്പിറവിയെപ്പറ്റിയുള്ള ഒരു ലഘുകൃതിയിൽ ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ സ്പഷ്ടമാക്കിയിട്ടുണ്ട്. പ്രമുഖ ഖുർആൻ വ്യാഖ്യാതാവായ ഇമാം റാസിയും ഇക്കാര്യം അസന്നിഗ്ദ്ധമായി തുറന്ന് പറഞ്ഞിട്ടുണ്ട്. ഇബ്നുതൈമിയയും ഇമാം റാസിയും നവോത്ഥാനകാലത്തിന് എത്രയോ മുമ്പ് ഇസ്ലാമിക വിജ്ഞാനീയങ്ങളുടെ വെളിച്ചത്തിൽ കാര്യങ്ങൾ നോക്കിക്കണ്ട പണ്ഡിതന്മാരത്രെ.

വിശുദ്ധ ഖുർആനിൻെറ അമാനുഷികതക്കുള്ള ഓരോ തെളിവും അപഗ്രഥിച്ച് ഈ ലഘുകൃതി വലിച്ചുനീട്ടാനുദ്ദേശിക്കുന്നില്ല.

മനുഷ്യരെപ്പറ്റിയും പ്രപഞ്ചത്തെപ്പറ്റിയും മനുഷ്യൻെറ പതനത്തിനും ഉൽകർഷത്തിനും നിദാനമായ മൗലിക വസ്തുതകളെപ്പറ്റിയും വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്ന ആശയങ്ങൾ കേവലം ഒരു മനുഷ്യൻെറ ചിന്തകളായിരുന്നുവെങ്കിൽ അവ ഒരിക്കലും നിത്യസത്യങ്ങളാകുമായിരുന്നില്ല. കാലദേശങ്ങളുടെ അതിർവരമ്പുകൾക്കപ്പുറത്തേക്ക് അവ നീണ്ടുനിൽക്കുമായിരുന്നില്ല. ഈ വസ്തുത സുതരാം വ്യക്തമാക്കുന്നതത്രെ മുകളിൽ പരാമർശിക്കപ്പെട്ട തെളിവുകൾ.

# .....ശേഷം

**വായനക്കാരോട്,**

മനുഷ്യൻ സത്യം സ്വീകരിക്കണമെന്ന് നിർബന്ധമില്ല. പക്ഷേ, സത്യം എന്താണെന്ന് കണ്ടുപിടിക്കാനുള്ള താൽപര്യമില്ലായ്മ മനുഷ്യാസ്തിത്വത്തിനുതന്നെ അപമാനമാണ്. അതിനെ നിഷേധിക്കാൻ ശാശ്വത നരകത്തിലെത്തുന്ന പാതകമാണ്.

ദൈവം മനുഷ്യന് വിവേചിക്കാനുള്ള കഴിവ് നൽകിയതിനാൽ മനുഷ്യൻ വസ്തുനിഷ്ഠമായി വിവേചിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. ചിന്തിക്കുക, ചോദ്യം ചെയ്യുക, വീണ്ടും ചിന്തിക്കുക.

ഇസ്ലാമിൻെറ ഏതെങ്കിലും ഒരു അധ്യാപനം വളരെ ധൃതിയിൽ സ്വീകരിക്കുവാൻ ആരും താങ്കളെ നിർബന്ധിക്കുകയില്ല. ഇസ്ലാം മനുഷ്യന് സ്വമേധയാ ചിന്തിച്ച് തെരഞ്ഞെടുക്കുവാനുള്ളസ്വാതന്ത്ര്യം അനുവദിക്കുന്നു. ഇസ്ലാമിനെ പറ്റി താങ്കളുടെ അറിവ് സമഗ്രമാണോ എന്ന് സ്വയം പരിശോധിക്കുക. ഉള്ള അറിവ് അമുസ്ലിം മൂലങ്ങളിൽനിന്നും ലഭിച്ചതാണോ എന്നും. അത്തരം മൂലങ്ങൾ ഒരു പക്ഷെ, ഇസ്ലാമിനെ സംബന്ധിച്ച ഭാഗികദൃശ്യങ്ങളിൽനിന്ന് രൂപപ്പെട്ടതും വസ്തുനിഷ്ഠവും ക്രമവുമായ പരിശോധനക്ക് വിധേയമാക്കാത്തവയും ആകാനിടയുള്ളവയാണോ എന്നും പരിശോധിക്കുക.

ഒരു പഥ്യാഹാരം അത് രുചിച്ചുനോക്കാത്തവരിൽനിന്നുള്ള കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ സ്വാദിഷ്ടമാണോ എന്ന് തീരുമാനിക്കുന്നത് ന്യായയുക്തമാണോ? അല്ലല്ലോ. അതുപോലെ ഇസ്ലാമിനെ സംബന്ധിച്ച് താങ്കൾ ഒരു അഭിപ്രായം രൂപപ്പെടുത്തുന്നത് വിശ്വസ്തമായ മൂലങ്ങളിൽ നിന്നായിരിക്കണം. അത് രുചിച്ചുനോ

ക്കുക മാത്രമല്ല അത് ദഹിക്കുകയും വേണം, താങ്കൾ ഒരു അഭിപ്രായം രൂപപ്പെടുത്തുന്നതിന് മുമ്പ്. അതായിരിക്കും ഇസ്‌ലാമിനോടുള്ള ബുദ്ധിമാന്റെ സമീപനം.

താങ്കൾതന്നെ അടുത്തപടി തെരഞ്ഞെടുക്കുക. തെരഞ്ഞെടുക്കുവാനുള്ള താങ്കളുടെ സ്വാതന്ത്ര്യവും, ദൈവം നൽകിയ താങ്കളുടെ ചിന്താശക്തിയും ചേതനയും ഉപയോഗിക്കുവാനുള്ള സ്വാതന്ത്ര്യവും ആദരിക്കപ്പെടുമെന്ന് ഇസ്‌ലാം നിരന്തരം താങ്കൾക്ക് ഉറപ്പ് തരുന്നുവെന്നത് താങ്കളെ സഹായിക്കും. എല്ലാമനുഷ്യർക്കും ഈ സ്വാതന്ത്ര്യവാഞ്ഛയുണ്ട്. മറ്റൊരാൾക്കും അത് താങ്കളിൽനിന്ന് എടുത്തുകളയാൻ അധികാരമില്ല. സത്യത്തിലേക്കുള്ള താങ്കളുടെ ബുദ്ധിപരമായ യാത്ര സുഖപ്രദമാക്കട്ടെ എന്നും താങ്കൾക്ക് ലോകസ്രഷ്ടാവ് സത്യം സ്വീകരിക്കാനുള്ള കെൽപ്പ് നൽകട്ടെ എന്നും ഞങ്ങൾ ആശംസിക്കുന്നു.

താങ്കൾക്ക് ഇസ്‌ലാമിനെ സംബന്ധിച്ച് വസ്തുനിഷ്ടമായി പഠിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ നിച്ച് ഓഫ് ട്രൂത്തിനെ സമീപിക്കുക.

Director
NICHE OF TRUTH
Kalabhavan Road,Cochin-682 018,
Kerala, India, Ph: 367820
Email:islam@nicheoftruth.org
http:/www.nicheoftruth.org